I. ഇ.ബി. XII-കേരള നിയമസഭ/XIV-23

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്ത്**

622-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 3-3-2010-ലെ നക്ഷത്രചിഹ്നമിടാത്ത 622-ാം നമ്പർ ചോദ്യത്തിന്റെ (ബി) പിരിവിന് നൽകിയ ഉത്തരത്തിന്റെ തിരുത്തിയ സ്റ്റേറ്റ്മെന്റ് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

**അടിയന്തിരപ്രമേയം**

കൊച്ചി സ്മാർട്ട് സിറ്റി

മി. സ്പീക്കർ: കൊച്ചി സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതും തർക്ക വിഷയം ചർച്ച ചെയ്യാതെ ഇന്നലെ ചേർന്ന ബോർഡ് യോഗം പിരിഞ്ഞതും നിമിത്തം സ്മാർട്ട് സിറ്റിയുടെ ഭാവി

അനിശ്ചിതത്വത്തിലായതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. ബാബു, തോമസ് ചാഴികാടൻ, കെ.കുട്ടി അഹമ്മദ് കുട്ടി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഗവൺമെന്റുമായുണ്ടാക്കിയ കരാറിൽ നിന്നും ടീകോം കമ്പനി പിൻമാറിയതിനെത്തുടർന്ന് സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ തീരുമാനം അറിയിക്കുന്നതിനായി ഗവൺമെന്റ് അവർക്ക് കത്ത് കൊടുത്തിരിക്കുകയാണ്. അവരുടെ മറുപടി കിട്ടിക്കഴിഞ്ഞാൽ മാത്രമേ കരാറുമായി മുന്നോട്ട് പോകുവാൻ സാധിക്കുമോ എന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. കരാറിന് വിരുദ്ധമായ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ആൾട്ടർനേറ്റീവായിട്ടുള്ള സംവിധാനത്തെപ്പറ്റി ഗവൺമെന്റിന് ആലോചിക്കേണ്ടതായി വരും. വൻ ഓഫറുകൾ അവർ നൽകിയെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം അവർക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ വന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അവരുമായുള്ള കരാറിനെ സംബന്ധിച്ച് ഗവൺമെന്റ് കടുത്ത തീരുമാനമൊന്നും എടുത്തിട്ടില്ല. ഗവൺമെന്റ് നൽകിയ കത്തിന് മറുപടി കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു: സ്മാർട്ട് സിറ്റിയിലൂടെ ഐ.ടി. മേഖലയിൽ മുന്നിലെത്താമെന്നും ആയിരക്കണക്കിന് ഐ.ടി. ബിരുദധാരികൾക്ക് ജോലി ലഭിക്കുമെന്നുമുള്ള പ്രതീക്ഷ അസ്ഥാനത്തായിരിക്കുകയാണ്. ഇന്നലെ സ്മാർട്ട് സിറ്റിയുടെ ബോർഡ് യോഗം ചേർന്നെങ്കിലും തീരുമാനമുണ്ടാകാതെ

പിരിഞ്ഞു. ഈ പദ്ധതി അനിശ്ചിതത്വത്തിലാകുന്ന സാഹചര്യത്തെ സംബന്ധിച്ച് സഭ നിറുത്തി വച്ച് ചർച്ച ചെയ്യണം. 2007 മേയ് 13-ാം തീയതി കരാർ ഒപ്പുവച്ചെങ്കിലും സ്മാർട്ട് സിറ്റി പദ്ധതി നടപ്പിൽവരാത്തതിനാൽ ഒരു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. പാട്ടക്കരാറിലെ രജിസ്ട്രേഷൻ ഫീ ഒഴിവാക്കുന്നതിനും റോഡ് മാറ്റി സ്ഥാപിക്കുന്നതിനുമൊക്കെ കാലതാമസം നേരിട്ടു. കെ.എസ്.ഇ.ബി-യുടെ സ്ഥലത്തിന് പുതിയ കരാറിലൂടെ ഏഴ് കോടി രൂപ വില നിശ്ചയിച്ചതിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. ഇലക്ട്രിസിറ്റി ബോർഡും ടീകോം കമ്പനിയും ഗവൺമെന്റും തമ്മിലുള്ള തർക്കം ഇപ്പോഴും നിലനിൽക്കുകയാണ്. എഗ്രിമെന്റിൽ പറയുന്ന 12 ശതമാനം ഫ്രീ ഹോൾഡ് കൊടുക്കാമെന്ന പ്രശ്നം പാട്ടക്കരാർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ഘട്ടത്തിലാണ് ടീകോം ഉന്നയിച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി നടപ്പിൽ വരുത്തുന്നതിന് ഗവൺമെന്റിനുള്ള പങ്ക് സഭയും കേരളത്തിലെ ജനങ്ങളും അറിയേണ്ട കാര്യമാണ്. എഗ്രിമെന്റിൽ ഇല്ലാത്ത ഏത് ഡിമാന്റാണ് ടീകോം ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കണം. സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാൻ വേണ്ടി നടപ്പിലാക്കിയ കരാർ ടീകോം ഏകപക്ഷീയമായി റദ്ദ് ചെയ്യുകയും അവരുടെ ഓഫീസ് നിർത്തലാക്കുകയും ജീവനക്കാരെ പിരിച്ചുവിടുകയും ചെയ്തു. ഇന്നലെ ചേർന്ന യോഗത്തിൽ ജൂൺ മാസം 28-ന് വീണ്ടും കൂടാനാണ് അവർ തീരുമാനിച്ചത്. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുക എന്നത് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും പ്രതീക്ഷയാണ്. ടീകോമിന്റെ മാതൃകാ സ്ഥാപനത്തിൽ 120 സംരംഭങ്ങളിലായി രണ്ട് ലക്ഷം മലയാളികൾ ജോലി ചെയ്യുന്നുണ്ട്. കേരളത്തിന്റെ വികസന സ്വപ്നങ്ങൾ തകർത്ത ഈ ഗവൺമെന്റ് നിലപാട് അങ്ങേയറ്റം

പ്രതിഷേധാർഹമാണ്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 246 ഏക്കർ സ്ഥലത്താണ് ടീകോമുമായി സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. 246 ഏക്കറിനും സാമ്പത്തികപരമായിട്ടുള്ള പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള അപേക്ഷ കൊടുത്തെങ്കിലും സാമ്പത്തിക മേഖലയിൽപ്പെടുത്തണമെന്നുള്ള അവരുടെ അപേക്ഷയെ സർക്കാർ അനുകൂലിക്കുകയാണ് ഉണ്ടായത്. ആ സ്ഥലത്തുകൂടി കടപ്രയാർ നദി ഒഴുകുന്നു എന്നതിന്റെ പേരിൽ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ല. എന്നാൽ ആന്ധ്രാപ്രദേശിൽ വലിയ നദികൾ ഒഴുകുന്ന പ്രദേശവും പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുകയാണ് ചെയ്തിട്ടുള്ളത്. ടീകോമിന്റെ ഈ സ്ഥലത്തിന് പ്രത്യേക സാമ്പത്തികമേഖല അനുവദിക്കാതിരുന്നതും കേന്ദ്രഗവൺമെന്റിന്റെ സമീപനവും അവരെ പിൻതിരിപ്പിക്കാൻ ഇടയാക്കി. 131, 100, 15 ഇങ്ങനെ മൂന്ന് തുണ്ടായി സ്ഥലം വെട്ടിമുറിക്കാനുള്ള സമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഫലമായി പ്രത്യേക സാമ്പത്തിക മേഖലയിൽപ്പെടാത്ത കുറെ സ്ഥലം വേണമെന്ന് അവർ ആവശ്യപ്പെട്ടു. അത് നൽകിയാൽ വിൽപ്പന നടത്തരുതെന്നും നേരത്തെയുള്ള കരാറിൽ മാറ്റംവരുത്തരുതെന്നും ഗവൺമെന്റ് നിഷ്കർഷിച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുത്ത ആനുകൂല്യം കേരളം തുടർച്ചയായി ആവശ്യപ്പെട്ടിട്ടും ലഭിച്ചിട്ടില്ല. ടീകോമിന്റെ രണ്ട് സ്ഥാപനങ്ങളിൽ ഒന്ന് കേരളത്തിലും മറ്റൊന്ന് ദുബായിലുമാണ്.

ദുബായിലുള്ള സ്ഥാപനം സാമ്പത്തികമായി തകരുകയും തൽക്കാലം പാച്ച് അപ് ചെയ്ത് നിർത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യമാണ് ഇതിൽനിന്നും പുറകോട്ട് പോകാൻ അവരെ പ്രേരിപ്പിക്കുന്നത്. സാമ്പത്തിക മാന്ദ്യം നേരിടാനുള്ള സാമ്പത്തിക ശേഷി ടീകോമിന് ഇല്ലെന്നുള്ളതാണ് പ്രധാന കാരണം. ഇൻഫോ പാർക്ക് ഫ്രീയായി വിട്ടുകൊടുക്കാമെന്നും എറണാകുളത്ത് മറ്റൊരു കമ്പനി അനുവദിക്കില്ലെന്നും ഉറപ്പുകൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. പക്ഷേ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഇൻഫോ പാർക്ക് വിട്ടുകൊടുക്കില്ലെന്നും എറണാകുളത്ത് മറ്റ് സ്ഥാപനങ്ങൾ വരുന്നത് തടയാനാകില്ലെന്നും 90000 പേർക്ക് തൊഴിൽ നൽകണമെന്നുമുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾ അവർ അംഗീകരിക്കുകയാണ് ചെയ്തത്. ഇൻഫോ പാർക്കിൽ ഏകദേശം 10000 ആളുകൾക്ക് ജോലി ലഭ്യമാകുന്ന സംവിധാനം നിലവിലുണ്ട്. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമായില്ലെങ്കിലും ആളുകൾക്ക് നിരാശയ്ക്കിടവരാത്തവിധം കേരളമൊട്ടാകെ ഐ.ടി. മേഖല വിപുലീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമീപഭാവിയിൽത്തന്നെ ധാരാളം ആളുകൾക്ക് ഇൻഫോപാർക്കിൽ തൊഴിൽ നൽകാൻ സാധിക്കുംവിധത്തിലുള്ള ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് സ്മാർട്ട് സിറ്റി സംബന്ധിച്ച് പ്രതിപക്ഷം ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണാജനകമായ പ്രചാരണം നടത്തരുത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.) (ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.ടി. അഹമ്മദ് അലി, പി. സി. ജോർജ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ

പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ വാഹനാപകടങ്ങൾ

ശ്രീ. തോമസ് ചാണ്ടി : ദേശീയപാതയേക്കാൾ തിരക്കേറിയ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വീതികൂട്ടി യാത്രാസജ്ജമാക്കിയെങ്കിലും റോഡിന് ഇടയ്ക്കുള്ള പാലങ്ങളുടെ വീതി കൂട്ടാത്തതിനാലും പാലങ്ങളുണ്ടെന്നുള്ള മുന്നറിയിപ്പ് ബോർഡ് വയ്ക്കാത്തതിനാലും നിരന്തരം അപകടങ്ങളുണ്ടാവുകയാണ്. റോഡ് വീതികൂട്ടുന്നതനുസരിച്ച് പാലങ്ങളുടെയും വീതി കൂട്ടണം. റോഡ് വീതി കൂട്ടിയതിനോടൊപ്പം പാലങ്ങളുടെയും വീതി കൂട്ടുന്നതിൽ വീഴ്ച വന്നതെന്താണെന്നുള്ളതിനെക്കുറിച്ച് അന്വേഷണം നടത്തണം. ഡ്രൈവർമാർക്ക് അവിടെ ഇടുങ്ങിയ പാലമുണ്ടെന്ന് തിരിച്ചറിയാനുള്ള മുന്നറിയിപ്പ് നൽകുന്ന ബോർഡുകൾ സ്ഥാപിക്കണം. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ പാലങ്ങളുടെ വീതികൂട്ടാൻ മരാമത്ത് വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ ജോസഫ്): കെ.എസ്.ടി.പി.യുടെ 1-ാം ഘട്ടത്തിൽപ്പെടുത്തി ആലപ്പുഴ- ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണവും വികസനവും ഏകേദശം പൂർത്തിയായി. ഈ റോഡുപണി വിഭാവനം ചെയ്ത സമയത്ത് റോഡിലെ ഇടുങ്ങിയ പാലങ്ങളുടെ വീതി കൂട്ടണമെന്ന ശുപാർശ ഇല്ലായിരുന്നു. റോഡിലെ വീതി കുറഞ്ഞ പാലങ്ങളുടെ പ്രവേശന കവാടങ്ങളിൽ ആവശ്യത്തിന് സംരക്ഷണ പണികൾ, മെറ്റൽബീം, ക്രാഷ് ബാരിയറുകൾ, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, റോഡിന്റെ

നടുക്കും ഇരുവശങ്ങളിലും റോഡ് സ്റ്റെഡ്സുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. റോഡിന്റെ മാർക്കിംഗ് പൂർത്തിയായിട്ടുണ്ട്. അനധികൃതബോർഡുകൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചിത കരാർ തീയതിക്ക് മുൻപ് എല്ലാ റോഡ് സുരക്ഷാ പണികളും തീർക്കുന്നതോടുകൂടി റോഡിലെ അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. കെ.എസ്.ടി.പി. യിൽനിന്നും പി.ഡബ്ല്യു.ഡിയിലേയ്ക്ക് റോഡ് കൈമാറിക്കഴിഞ്ഞാൽ പാലങ്ങൾ വീതി കൂട്ടുന്ന നടപടി പി.ഡബ്ല്യു.ഡി. വകുപ്പിന് സ്വീകരിക്കാവുന്നതാണ്.

(2) കേന്ദ്ര കുടിയേറ്റ നിയമം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: മലയാളികൾ ഉൾപ്പെടെയുള്ള വിദേശ ഇന്ത്യാക്കാർക്കുവേണ്ടി സമഗ്ര കുടിയേറ്റ നിയമം കൊണ്ടുവരുന്നതിന് ഇന്ത്യാ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): പ്രവാസി മലയാളികൾക്കുവേണ്ടി സമഗ്രമായ ഒരു എമിഗ്രേഷൻ നിയമം കേന്ദ്രഗവൺമെന്റ് കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. അതേസമയം വിദേശ മലയാളികളെ വിദേശ രാജ്യങ്ങളിലെ ഏജന്റുമാർ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ 'ODEPEC' വഴി നിയമിക്കാനുള്ള നടപടികൾ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനം വഴിയോ ഗവൺമെന്റ് സ്ഥാപനങ്ങൾ വഴിയോ കേരളത്തിലെ മലയാളികളെ വിദേശ രാജ്യത്ത് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെന്റിന് അനുകൂലമായ നിലപാടാണുള്ളതെങ്കിലും പ്രാവർത്തികമാ

ക്കിയിട്ടില്ല. നിയമം എത്രയും വേഗം കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതും അവിദഗ്ദ്ധ തൊഴിലാളികളുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതുമാണ്. പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധി നിയമം രണ്ട് മാസം മുൻപ് പ്രാവർത്തികമായി തുടങ്ങിയിട്ടുണ്ട്. രാജ്യത്തിന് തന്നെ മാതൃക യായ ഒരു നിയമമായി ഇതിനെ ഉയർത്തിക്കൊണ്ടുവരാൻ കഴിയും.

**സബ്മിഷൻ**

(1) പ്ലാച്ചിമട കൊക്കോകോള കമ്പനിക്കെതിരെ നിയമ നടപടി

ശ്രീ. എം.കെ. പ്രേംനാഥ്: പ്ലാച്ചിമട കൊക്കോക്കോള കമ്പനിയുടെ നേതൃത്വത്തിൽ നടക്കുന്ന ജലചൂഷണം തടയുന്നതിനാവശ്യമായ നിയമ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്ലാച്ചിമടയിൽ കൊക്കോക്കോള കമ്പനി നടത്തുന്ന ജലചൂഷണവും പരിസ്ഥിതി മലിനീകര ണവും സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ 34 ഏക്കർ സ്ഥലത്തായി സ്ഥിതി ചെയ്യുന്ന കൊക്കോക്കോള കമ്പനി 6 കുഴൽ കിണറുകളിൽനിന്നും രണ്ട് കിണറുകളിൽനിന്നുമായി അഞ്ച് ലക്ഷത്തിൽപ്പരം ലിറ്റർ വെള്ളം ഊറ്റിയെടു ക്കുകയും പ്രതിദിനം ഒന്നര ലക്ഷം മുതൽ മൂന്ന് ലക്ഷം വരെ ലിറ്റർ മലിന ജലം പുറത്ത് വിടുകയും ചെയ്യുന്നുണ്ടെന്നും ജലചൂഷണത്തിനും ജല മലിനീകരണത്തിനും പുറമേ വളം എന്ന് തെറ്റിദ്ധരിച്ച് ഈ മാലിന്യം കൃഷി ഭൂമിയിൽ നിക്ഷേപിച്ചതിനാൽ പ്രദേശവാസികൾക്ക് വലിയ നഷ്ടമുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ചെലവ് മലിനീ

കരിക്കുന്ന കമ്പനി വഹിക്കേണ്ടതുണ്ട്. കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ട്രൈബ്യൂണൽ രൂപീകരിക്കുകയോ 1986-ലെ കേന്ദ്ര പരിസ്ഥിതി നിയമത്തിൽ സെക്ഷൻ 3(3) പ്രകാരം ഒരു അതോറിറ്റി രൂപീകരിക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുകയോ ചെയ്യണമെന്ന കമ്മിറ്റിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് വിശദമായി പഠിച്ചശേഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അഭ്യർത്ഥന പ്രകാരം കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 137 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർക്കാർ ചെലവഴിക്കുന്ന തുകയ്ക്ക് തുല്യമായ ഓഹരി സർക്കാരിന് നൽകണമെന്ന നിബന്ധനയോടുകൂടി സൗജന്യമായി എയർപോർട്ട് കൈമാറുന്നതാണെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയെ സർക്കാർ അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്താൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിലെ കൈവശക്കാരുടെ വിശദ വിവരങ്ങളും പുനരധിവാസ പാക്കേജിനാവശ്യമായ വിവരങ്ങളും ശേഖരിക്കുന്നതിനായി ജില്ലാ തലത്തിൽ ജനപ്രതിനിധികളുടേയും മറ്റും മീറ്റിംഗുകൾ നടത്തിയെങ്കിലും ജനവാസ കേന്ദ്രങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ ജനങ്ങളിൽനിന്ന് ശക്തമായ എതിർപ്പുണ്ടാ

യതുകാരണം കൈവശ സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കാൻ പോലും ആദ്യം സാധിക്കാതെ വന്നതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(3) ആംഗ്ളോ ഇൻഡ്യൻ സമൂഹത്തിന് തൊഴിൽ സംവരണം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ആംഗ്ളോ ഇൻഡ്യൻ സമൂഹത്തെ എസ്.ഐ.യു.സി.-യിൽനിന്നും വേർപെടുത്തി ലാറ്റിൻ കാത്തലിക്കുമായി ക്ലബ്ബ് ചെയ്ത് നാല് ശതമാനം സംവരണം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ അടിയന്തിരമായി നീക്കുകയും നിലവിലുള്ള കെ.എസ്.എസ്.എസ്. റൂൾ ഭേദഗതി ചെയ്യുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്.അച്ചുതാനന്ദൻ) : സംവരണാനുപാതത്തിൽ പി.എസ്.സി. വരുത്തിയ ഭേദഗതി അനുസരിച്ച് എസ്.ഐ.യു.സി. നാടാർ സമുദായത്തേയും മുമ്പ് ലാറ്റിൻ കാത്തലിക് സമുദായത്തോടൊപ്പം ഉണ്ടായിരുന്ന ആംഗ്ളോ ഇൻഡ്യൻ സമുദായത്തേയും ചേർത്ത് ഒരു പുതിയ ഗ്രൂപ്പുണ്ടാക്കുകയും സംവരണാനുപാതം ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ നിയമനത്തിന് നാൽപ്പത് ശതമാനത്തിൽ ഒന്ന് എന്ന ക്രമത്തിൽ പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ചട്ടപ്രകാരം മുമ്പുണ്ടായിരുന്ന ലാറ്റിൻ കാത്തലിക് സമുദായത്തേയും ആംഗ്ളോ ഇൻഡ്യൻ സമുദായത്തേയും ഉൾപ്പെടുത്തിയിരുന്ന ഗ്രൂപ്പിന് നൽകിയിരുന്ന സംവരണാനുപാതം പ്രസ്തുത ഗ്രൂപ്പിൽനിന്നും ആംഗ്ളോ ഇൻഡ്യൻ സമുദായത്തെ മാറ്റിയശേഷം ലാറ്റിൻ കാത്തലിക് സമുദായത്തിന് മാത്രമായി പബ്ലിക് സർവ്വീസ് കമ്മീഷന്റെ താൽക്കാലിക ഉത്തരവിൽ അനുവദിച്ചു. പിന്നോക്ക വിഭാഗ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹിന്ദു നാടാർ, എസ്.ഐ.യു.സി. നാടാർ എന്നീ വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിൽ പ്രത്യേക സംവരണം ഏർപ്പെടുത്തി

ക്കൊണ്ട് 21-11-2009-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 1958-ലെ കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിച്ചുവരവേ എസ്.ഐ.യു.സി. നാടാർ വിഭാഗ ത്തിന് ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളിലും ഉൾപ്പെടാത്ത മറ്റ് തസ്തികകളിലും 38-ാമത്തെ ഊഴം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എസ്.ഐ.യു.സി. പ്രസിഡന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചു. ഓരോ വിഭാഗത്തിനും നൽകേണ്ടുന്ന ടേൺ സംബന്ധിച്ച് തർക്കമുണ്ടായ സാഹചര്യത്തിൽ വിശദമായ പരിശോധന നടത്തി ആവശ്യമെങ്കിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പിന്നോക്ക സമുദായ കമ്മീഷന്റെയും ഉപദേശം ആരാഞ്ഞശേഷം ചട്ടങ്ങ ളുടെ ഭേദഗതി സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശി ക്കുന്നത്. 21.11.2009-ലെ ഉത്തരവ് പ്രകാരം 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ ആംഗ്ളോ ഇൻഡ്യൻ സമുദായത്തിന് ലാറ്റിൻ കാത്തലിക് സമുദായത്തോടൊപ്പം മുമ്പ് ലഭിച്ചിരുന്ന രീതിയിൽ സംവരണത്തിന് അർഹ തയുണ്ടായിരിക്കും.

(4) <u>പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്കിലെ പ്രവേശനം</u>

<u>ശ്രീ. പി.സി. ജോർജ്</u> : പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തീക്കോയി ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന

തിനും അവിടെ നിറുത്തിവച്ച ക്ലാസ്സുകളിൽ അഡ്മിഷൻ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : തീക്കോയി ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിടത്തിനായി മൂന്നേക്കർ സ്ഥലം വാങ്ങുന്നതിന് ഒരു കോടി എൺപത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും സ്ഥലം പൊന്നുംവിലയ്ക്കെടുക്കാൻ മറ്റൊരു ഉത്തരവുകൂടി വേണമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. റവന്യു വകുപ്പുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി നീക്കിക്കൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ നിറുത്തിവച്ചത് എം.എൽ.എ.ഇടപെട്ടതിനെത്തുടർന്ന് പുനരാരംഭിച്ചതാണ്. എ.ഐ.സി.റ്റി. അംഗീകാരം നേടിക്കഴിഞ്ഞാൽ ഉടൻതന്നെ ക്ലാസ്സുകൾ ആരംഭിക്കാം.

(5) ചെക്ക്ഡാം നിർമ്മാണം

പ്രൊഫ. എൻ.ജയരാജ് : മണിമലയാറ്റിൽ കുളത്തൂർമൂഴിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കോട്ടയം ജില്ലയിൽനിന്ന് സമർപ്പിച്ച 23 പദ്ധതികൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ കഴിഞ്ഞ യോഗത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. മണിമലയാറിൽ കുളത്തൂർമൂഴിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് ലഭിച്ച 1,05,00,000 രൂപയുടെ പദ്ധതി പ്രൊപ്പോസൽ സംസ്ഥാനതല വിദഗ്ധ സമിതി പരിശോധിച്ച് പരിഗണിക്കുന്നതാണ്.

(6) വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ

ശ്രീ. വി.ജെ. തങ്കപ്പൻ: ക്യാൻസർ രോഗിയായ വത്സലയ്ക്ക് നെയ്യാറ്റിൻകര വില്ലേജ് ഓഫീസറിൽനിന്നും വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് കൊടുക്കാൻ വിസമ്മതിച്ച വില്ലേജ് ആഫീസറുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും നെയ്യാറ്റിൻകര വില്ലേജ് ഓഫീസറെ സസ്പെന്റ് ചെയ്യാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(7) ബസ് സർവ്വീസുകൾ

ശ്രീ. ബി. ബാബു പ്രസാദ്: ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സുനാമി ബാധിത പ്രദേശമായ വലിയഴീക്കൽ-തറയിൽക്കടവ്-പെരുമ്പള്ളി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽക്കൂടി 15 പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): ഇപ്പോൾ ഹരിപ്പാട് ഡിപ്പോയിൽ 37 ഷെഡ്യൂളുകളിൽ ഒരു സൂപ്പർ ഫാസ്റ്റ് സർവ്വീസും 11 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുമുണ്ട്. 40 ബസ്സുകളും ഹരിപ്പാട് യൂണിറ്റിലുണ്ട്. ഇതിൽ 13 എണ്ണം പഴയ ബസ്സുകൾ മാറ്റുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്. പുതിയതായി ആരംഭിച്ച ഒരു ബസ് ചെയിൻസർവ്വീസിന് ഉപയോഗിക്കുകയാണ്. ഈ റൂട്ടിൽ 8 ചെയിൻ സർവ്വീസുകൾ ആരംഭിച്ചുകഴിഞ്ഞു.

(8) റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ.കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ കയ്യൂർ, ചീമേനി, നീലേശ്വരം പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് റെഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): കയ്യൂർ-ചീമേനി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് പാലായിവളവ് എന്ന സ്ഥലത്ത് 10 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.ഡി.ആർ.ബി. ചീഫ് എൻജിനീയർ ഇൻവെസ്റ്റിഗേഷനും മറ്റു കാര്യങ്ങൾക്കുമായി 3 ലക്ഷം രൂപയ്ക്കുള്ള സാമ്പത്തികാനുമതി നൽകി ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ ആന്റ് എൻജിനീയറിംഗ് റിപ്പോർട്ട് ഏപ്രിൽ മാസത്തോടുകൂടി എൽ.ബി.എസ് തയ്യാറാക്കിത്തരാമെന്ന് സമ്മതിച്ചിട്ടുമുണ്ട്. ഇതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) ശുദ്ധജല വിതരണ പദ്ധതിയുടെ പൂർത്തീകരണം

ശ്രീ. തോമസ് ചാഴികാടൻ: ഏറ്റുമാനൂർ പട്ടർമഠം ശുദ്ധജല വിതരണ പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം കമ്മിഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഏറ്റുമാനൂർ പട്ടർമഠം ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിക്കണമെങ്കിൽ റാ-വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിക്കണം. ഇത് ടെൻഡർ എക്സ്സസുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്. ധനകാര്യവകുപ്പുമായി ആലോചിച്ച് പ്രശ്നങ്ങൾ പരിഹരിച്ച് അനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) ശുദ്ധജലവിതരണ പദ്ധതി

ശ്രീ. രാജു എബ്രഹാം: റാന്നി മേജർ കുടിവെള്ളപദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കും ശബരിമല ഇടത്താവളങ്ങൾക്കുവേണ്ടിയുള്ള ചിറ്റൂർ-സീതത്തോട് പദ്ധതിക്കും അടുത്ത എസ്.എൽ.ഇ.സി.-യിൽ അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പണി പൂർത്തിയായ റാന്നി മേജർ ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല പ്രാവർത്തികമാക്കി 13 കോടി രൂപയുടെ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും ശബരിമല ഇടത്താവളങ്ങൾക്കുവേണ്ടിയുള്ള ചിറ്റൂർ-സീതത്തോട് പദ്ധതിയുടെ 38 കോടി രൂപയുടെ ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകളും സ്റ്റേറ്റ്ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(11) തടി, കഴ, ഈറ്റത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

ശ്രീ. കെ. ശിവദാസൻ നായർ: വനമേഖലയിൽ തടി, കഴ, ഈറ്റ എന്നിവ മുറിച്ചും കയറ്റിയും കൊടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1981-ലെ കേരള ചുമട്ടുതൊഴിലാളി നിയമ പ്രകാരം തിരിച്ചറിയൽ കാർഡ് ലഭിക്കുന്ന തൊഴിലാളികൾക്ക് 1999-ലെ കേരള ചുമട്ടുതൊഴിലാളി സ്കാറ്റേർഡ് വിഭാഗം ക്ഷേമപദ്ധതിയിൽ അംഗത്വം നൽകാവുന്നതാണ്. പത്തനംതിട്ട ജില്ലയിൽ അടൂർ, കോന്നീ എന്നീ പ്രദേശങ്ങളിൽ ടിമ്പർ മേഖലയിൽ കയറ്റിറക്ക് ചെയ്യുന്ന തൊഴിലാളികളെ ബോർഡിന്റെ പത്തനംതിട്ട

കമ്മിറ്റിയുടെ കീഴിലുള്ള സ്കാറ്റേർഡ് വിഭാഗം ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തടികളും കഴകളും മുറിക്കുന്ന തൊഴിലാളികളെ ചുമട്ടുതൊഴിലാളികളായി കണക്കാക്കി തിരിച്ചറിയൽ കാർഡ് നൽകാൻ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതാണ്. ഈറ്റ വ്യവസായവുമായി ബന്ധപ്പെട്ട അനുബന്ധ ജോലിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾ ഉറപ്പുവരുത്താൻ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. ഈറ്റ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡിലൂടെ വിതരണം ചെയ്യുന്നതാണ്.

(12) <u>പീരുമേട് മണ്ഡലത്തിലെ ഗവണ്മെന്റ് സ്കൂളുകൾ</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: പീരുമേട് നിയോജകമണ്ഡലത്തിലെ പാമ്പനാർ സർക്കാർ യു.പി. സ്കൂളിനേയും വഞ്ചിവയൽ ട്രൈബൽ സ്കൂളിനേയും രാഷ്ട്രീയ മാധ്യമിക ശിക്ഷ അഭിയാൻ (ആർ.എം.എസ്.എ.) സ്കീമിൽപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി):</u> രാഷ്ട്രീയ് മാധ്യമിക് ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ 60 സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്താൻ കേന്ദ്രസർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിൽ പാമ്പനാർ സർക്കാർ യു.പി. സ്കൂളും വഞ്ചിവയൽ ട്രൈബൽ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്.

(13) <u>ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി</u>

<u>ശ്രീ. ജോസഫ് എം.പുതുശ്ശേരി</u>: ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടിന് അപേക്ഷിക്കുന്നവർക്ക് റേഷൻ കാർഡ് നിർബന്ധമാക്കിയ തുമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിപ്രകാരം വീട് ലഭിക്കാൻ തയ്യാറാക്കിയ അർഹതപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുണ്ടെങ്കിൽ ജില്ലാകളക്ടർക്ക് പരാതി കൊടുത്താൽ അർഹതപ്പെട്ടവ രാണെങ്കിൽ വീട് അനുവദിക്കുന്നതാണ്.

(14) <u>ജില്ലാ ഫുട്ബാൾ അസോസിയേഷന്റെ ആസ്ഥാന മന്ദിരം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: തിരുവനന്തപുരം ജില്ലാ ഫുട്ബോൾ അസോസി യേഷൻ ആസ്ഥാനമന്ദിരം സ്ഥിതിചെയ്യുന്ന 20 സെന്റ് സ്ഥലം പാട്ടക്കുടിശ്ശിക യെല്ലാം ഒഴിവാക്കി അസോസിയേഷന് പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): വഞ്ചിയൂർ വില്ലേജിൽ 20-സെന്റ് സ്ഥലമാണ് ഫുട്ബോൾ അസോസിയേഷനു നൽകിയിട്ടുള്ളത്. അസോസിയേഷൻ പാട്ടക്കുടിശ്ശികയായി നൽകാനുള്ള തുക എഴുതിത്തള്ളി ഒരു ചെറിയ തുക നിശ്ചയിച്ച് ആ സ്ഥലം ലോംഗ് ലീസിന് നൽകുന്നതിനും അസോസിയേഷൻ ഉപയോഗിക്കാത്ത കുറച്ച് സ്ഥലം തിരിച്ചെടുത്ത് സർക്കാ രിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമാണ് മുമ്പ് തീരുമാനമെടുത്തി രുന്നത്. അടുത്ത ആഴ്ച എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഇക്കാര്യത്തിൽ തീരുമാനം എടുക്കാം.

(15) <u>പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: പൊതുമരാമത്ത് വകുപ്പ് കോടിക്കണെക്കിന് രൂപ മുടക്കി നിർമ്മിച്ച ആറ്റിങ്ങൽ സിവിൽസ്റ്റേഷനിൽ പുതിയ ടാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: ആറ്റിങ്ങൽ മിനി സിവിൽ സ്റ്റേഷനിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സമർപ്പിച്ച ഇൻവോയിസ് തുകയ്ക്കുള്ള സ്പെഷ്യൽ ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കുന്നതിനുവേണ്ടി കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ 08-03-2010-ന് ലഭ്യമാക്കിയ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. എത്രയും വേഗം അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(16) <u>വിഴിഞ്ഞം-പൂവാർ റോഡിന്റെ റീ-ടാറിംഗ്</u>

<u>ശ്രീ. ജോർജ് മേഴ്സിയർ:</u> കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം-പൂവാർ റോഡിന്റെ ഇരുവശവും വീതികൂട്ടാനും റീടാറിംഗ് പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: അന്തർ സംസ്ഥാന റോഡായ വിഴിഞ്ഞം-പൂവാർ റോഡിന്റെ വികസനത്തിന് വിഷൻ 2010-പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടെന്റർ ചെയ്ത എസ്റ്റിമേറ്റിനെക്കാളും പത്ത് ശതമാനം ഉയർന്ന നിരക്കിൽ കരാർ നൽകി 15-3-2008 ൽ പണി ആരംഭിക്കുകയും ചെയ്തു. കെ.എസ്.ഇ.ബി. യുടേയും മറ്റ് യൂട്ടിലിറ്റി ഏജൻസികളുടേയും വസ്തുവകകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് 30-5-2010 വരെ പണിയുടെ കാലാവധി നീട്ടിക്കൊടുത്തിരിക്കയാണ്. റീടാറിംഗ് ജോലികൾക്കായി കരാറുകാരൻ

ശേഖരിച്ച മെറ്റൽ പി.ഡബ്ലിയു.ഡി കോഡും മാനുവലും അനുശാസിക്കുന്ന ഗുണനിലവാരമുള്ളതല്ലെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ പരി ശോധനയിൽ കണ്ടെത്തിയതിനെതുടർന്ന് ഗുണനിലവാരമുള്ള മെറ്റൽ ഉപ യോഗിച്ച് അടിയന്തിരമായി റീടാറിംഗ് പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (17) പട്ടാമ്പി പാലം

ശ്രീ. സി.പി. മുഹമ്മദ്: അപകടാവസ്ഥയിലായിരിക്കുന്ന പട്ടാമ്പി പാല ത്തിന് പകരം മറ്റൊരു പാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീക രിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പട്ടാമ്പി പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേ ഷനും ഡിസൈനും തയ്യാറാക്കി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുന്നതനുരിച്ച് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

### (18) കാസർഗോഡ് ജില്ലയിലെ നൂറുൽ ഇസ്ലാം മദ്രസ്സ ഹാളിൽ നടന്ന അക്രമം

ശ്രീ. സി.ടി. അഹമ്മദ് അലി: ജമാ-അത്ത് കമ്മിറ്റിയുടെ ജനറൽ ബോഡി യോഗം നടന്നുകൊണ്ടിരുന്ന കാസർഗോഡ് ജില്ലയിലെ നൂറുൽ ഇസ്ലാം മദ്രസ്സ ഹാളിൽ സി.പി.എം. പ്രവർത്തകരായ പത്തോളം വരുന്ന സംഘം അതിക്ര മിച്ചു കയറി നാലുപേരെ മർദ്ദിച്ച് മാരകമായി പരിക്കേൽപ്പിച്ച സംഭവത്തിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുകയും അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: പുതിയ ഖാസി നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കത്തിന്റെ ഭാഗമായി പടിപ്പ് ബദർ ജുമാ

മസ്ജിദ് ജനറൽ ബോഡി യോഗത്തിലും തർക്കങ്ങളും സംഘർഷ സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ജനറൽ ബോഡി യോഗത്തിൽ മാർക്സിസ്റ്റുകാർ കടന്നുകയറിയതായി കേസ്സൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ പരാതിയുടെ അടിസ്ഥാനത്തിൽ ആറ് പ്രതികളെ അറസ്റ്റ് ചെയ്യുകയും കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവിടത്തെ സ്ഥിതിഗതികൾ ശാന്തമാക്കാനുള്ള എല്ലാ ഇടപെടലുകളും നടത്തുന്നതാണ്.

(19) കീഴൂരിൽ ആർ.എസ്.എസ്.കാർ നടത്തിയ ആക്രമണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ചാവുശ്ശേരി പഞ്ചായത്തിലെ കീഴൂരിൽ ആർ.എസ്.എസ്സുകാർ നടത്തിയ അതിഭീകരമായ ആക്രമണത്തെത്തുടർന്ന് സ്ത്രീകളുൾപ്പെടെ നിരവധിപേർക്ക് പരിക്കേൽക്കുകയും എട്ട് ലക്ഷത്തിലേറെ രൂപയുടെ സാധനങ്ങൾ നഷ്ടപ്പെടുകയുമുണ്ടായി. ഈ സംഭവത്തിലെ പ്രതികളെ പിടികൂടി ശിക്ഷിക്കാനും ക്രമസമാധാനം പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം. .

ആഭ്യന്തവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇരുട്ടിയിലുണ്ടായ സംഭവത്തെ തുടർന്ന് 14 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 16 സി.പി.ഐ.(എം) പ്രവർത്തകരെയും 3 ബി.ജെ.പി. പ്രവർത്തകരെയും അറസ്റ്റ് ചെയ്യുകയുമുണ്ടായി. അക്രമങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ശക്തമായ നടപടി കൈക്കൊള്ളാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(20) മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. പി. കെ. അബ്ദുറബ്ബ്: മഞ്ചേരിയിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 11-05-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം മഞ്ചേരിയിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുൻഗണനാ പട്ടികയിൽ ഇരുപതാമത്തെ നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(21) സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപകരുടെ ശമ്പളം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഗവൺമെന്റ് പ്രതിനിധികളടക്കമുള്ള ഇന്റർവ്യൂ ബോർഡ് തെരഞ്ഞെടുത്തതും റിട്ടയർമെന്റ് വേക്കൻസിയിൽ അംഗീകൃത മാർഗ്ഗത്തിലൂടെ നിയമിക്കപ്പെട്ടതുമായ എയ്ഡഡ് കോളേജിലെ അധ്യാപകർക്ക് ശമ്പളം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ ബേബി): പ്രീഡിഗ്രി വേർപെടുത്തതിയതിനെത്തുടർന്ന് കോളേജുകളിൽ കൂടുതലായി വന്ന അധ്യാപകരെ അവിടെ സംരക്ഷിക്കുന്നതിനുവേണ്ടി അധിക സാമ്പത്തിക ബാധ്യത കൂടാതെ ചില കോഴ്സുകൾ ആരംഭിക്കാമെന്ന് ഗവൺമെന്റിന് ധാരണയുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും ധനകാര്യ വകുപ്പിന്റെ പ്രതിനിധിയുമെല്ലാം കൂടിയാലോചിച്ചതിനുശേഷം മാത്രമേ തസ്തിക സംബന്ധിച്ച് അന്തിമമായ അനുമതി നൽകുകയുള്ളൂ എന്ന വ്യവസ്ഥയുണ്ടാക്കുകയും മാറിവന്ന ഗവൺമെന്റ് കോളേജുകളിൽ അധ്യാപകരെ ലഭ്യമാക്കുന്നതിന് ഈ സംവിധാനത്തിൽ മാറ്റമുണ്ടാക്കാൻ ശ്രമം നടത്തുകയും ചെയ്തു. ഈ

കാലഘട്ടത്തിൽ നിയമിക്കപ്പെട്ട അധ്യാപകരിൽ ചിലർക്ക് യൂണിവേഴ്സിറ്റികൾ അംഗീകാരം കൊടുത്തുവെങ്കിലും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം കിട്ടിയിട്ടില്ല. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(22) കട കത്തിനശിച്ച സംഭവം

ശ്രീ. കെ. രാജു: 16.03.2010-ന് അർദ്ധരാത്രിയിലുണ്ടായ ഇടിമിന്നലിൽ പത്തനാപുരം താലൂക്കിൽ ഇടമൺ യു.പി.എസ്-ന് സമീപമുള്ള നഫീസത്തിന്റെ കടയും ടെലിഫോൺ ബൂത്ത് ഉൾപ്പെടെ കടയിലുണ്ടായിരുന്ന മുഴുവൻ സാധനങ്ങളും കത്തി നശിച്ചതുവഴി 8 ലക്ഷത്തോളം രുപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിധവയും രണ്ട് പെൺമക്കളുടെ അമ്മയുമായ, മറ്റ് യാതൊരു വരുമാന മാർഗ്ഗവുമില്ലാത്ത ഇവരെ സാമ്പത്തികമായി സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 2.2 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിധവയും അവിവാഹിതരായ രണ്ട് പെൺമക്കളുടെ മാതാവുമായ നഫീസത്ത് നടത്തി വന്ന കടയാണ് കത്തിനശിച്ചത്. ഇടിമിന്നൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതാകയാൽ ഇവർക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം ലഭിക്കുന്നതിന് തടസ്സമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി പരമാവധി സഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(23) <u>കുടിവെള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പടിയൂർ, പൂമംഗലം, കാട്ടൂർ പഞ്ചായത്തുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പടിയൂർ കുടിവെള്ള സമഗ്ര പദ്ധതിയും ഷൺമുഖം കനാൽ രണ്ടും മൂന്നും ഘട്ട വികസന പദ്ധതിയും. അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> പടിയൂർ, കാട്ടൂർ, പൂമംഗലം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ പൂമംഗലം പഞ്ചായത്തിന്റെ റെസല്യൂഷൻ ലഭിക്കാത്തതിനാൽ പടിയൂർ, കാട്ടൂർ പഞ്ചായത്തുകളെ മാത്രം ഉൾപ്പെടുത്തിയാണ് ഭരണാനുമതി നൽകിയത്. എന്നാൽ പിന്നീട് പൂമംഗലം പഞ്ചായത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 25 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതമുള്ള എഞ്ചിനീയ റിംഗ് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. റിപ്പോർട്ട് പൂർണ്ണതോതിൽ ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക സഹായത്തിനായി സമർപ്പിക്കാനാണ് കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നത്. സാമ്പത്തികസഹായം ലഭ്യമായാൽ 2 വർഷത്തിനകം പദ്ധതി പൂർത്തീകരിക്കാൻ കഴിയും. 30-01-2010-ൽ ഷൺമുഖം കനാലിന്റെ ഒന്നാം ഘട്ടം പണി (14000 മീറ്റർ) പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ലഭ്യമായാൽ തീർച്ചയായും ഷൺമുഖം കനാലിന്റെ 2-ഉം 3-ഉം ഘട്ടം പണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് നൽകുന്നതാണ്.

(24) <u>പാപ്പിനിശ്ശേരി കോട്ടൺ മില്ലിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യം</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: ഏഴ് വർഷമായി അടഞ്ഞു കിടക്കുന്ന പാപ്പിനിശ്ശേരി കോട്ടൺ മില്ലിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>: പാപ്പിനിശ്ശേരിയിലെ വെസ്റ്റേൺ ഇൻഡ്യ കോട്ടൺ മിൽ 7 വർഷമായി പൂട്ടിക്കിടക്കുകയാണ്. ഇത് തുറന്നു പ്രവർത്തിപ്പിക്കാനുള്ള പ്രക്ഷോഭണങ്ങളൊക്കെ പരാജയപ്പെട്ടപ്പോഴാണ് തൊഴിലാളികൾക്ക് കോംപൻസേഷൻ നൽകുന്നതു സംബന്ധിച്ച് ചർച്ച നടത്തി ഒത്തുതീർപ്പ് ഉണ്ടാക്കിയത്. ആകെയുള്ള 429 തൊഴിലാളികളിൽ 252 പേർക്കാണ് ഇതിനകം ആനുകൂല്യം നൽകിയത്. ബാക്കിയുള്ള 177 പേർക്ക് സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് കൊടുക്കാൻ കഴിയുന്നില്ല എന്ന മാനേജുമെന്റിന്റെ വാദം ന്യായീകരിക്കാൻ കഴിയുന്നതല്ല. ഒത്തുതീർപ്പ് വ്യവസ്ഥ അനുസരിച്ച് തൊഴിലാളികൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് മാനേജുമെന്റിന്റെമേൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(25) <u>കിഴക്കോത്ത് ജലവിതരണ പദ്ധതി</u>

<u>ശ്രീ. പി.ടി.എ. റഹീം</u>: വിതരണ ശൃംഖലയിലെ കാലപ്പഴക്കം വന്ന പൈപ്പുകൾ പുന:സ്ഥാപിച്ച് കിഴക്കോത്ത് ശുദ്ധജലവിതരണ പദ്ധതി. പ്രാവർത്തികമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): സ്പാൻ പദ്ധതി യിൽപ്പെടുത്തി പൂർത്തീകരിക്കപ്പെട്ട കിഴക്കോത്ത് ശുദ്ധജല വിതരണ

പദ്ധതിയുടെ വിതരണ ശൃംഖലയിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(26) <u>വസ്തു ക്രയവിക്രയം നടത്തുന്നതിലെ തടസ്സം</u>

<u>ശ്രീ. ജോർജ് എം. തോമസ്:</u> കോഴിക്കോട് താലൂക്കിലെ കൊടിയത്തൂർ വില്ലേജിൽപ്പെട്ട രംഗശേഷാദ്രി ഹിൽസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ കീഴിലുള്ള 2151 ഏക്കറോളം വരുന്ന സ്ഥലം മിച്ചഭൂമി കണ്ടെത്തുന്നതിന്റെ പേരിൽ കൃഷിക്കാർക്ക് കൈമാറ്റം ചെയ്യാൻ കഴിയാതെ എൻ.ഒ.സി. ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>) : 27-6-56-ലെ ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം 732.36 ഏക്കർ ഭൂമിയിൽ 277.05 ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുമ്പോൾത്തന്നെ ഇവിടെ നിരവധി കൈവശക്കാർ ഉണ്ടായിരുന്നു. കമ്പനിയും പലതരത്തിലുള്ള കൈമാറ്റങ്ങൾ നടത്തിയിരുന്നു. പ്രസ്തുത കൈമാറ്റങ്ങൾ സംബന്ധിച്ച കേസ്സുകൾ ലാന്റ് ബോർഡിന്റെ പരിഗണനയിലായതുകൊണ്ടാണ് ലാന്റ് ബോർഡിന്റെ അന്തിമ ഉത്തരവ് ഉണ്ടാകുന്നതുവരെ മിച്ചഭൂമി കൈമാറ്റത്തിന് എൻ.ഒ.സി. വേണമെന്ന് തീരുമാനിച്ചത്. ഏറ്റവും വേഗത്തിൽ കേസ് വിചാരണ പൂർത്തിയാക്കി കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(27) <u>ഫിഷിംഗ് ഹാർബർ</u>

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:</u> മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഹൊസബെട്ടു കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): മഞ്ചേശ്വരം ഹൊസബെട്ടു കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. CWPRS -ന്റെ മാതൃകാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം വാങ്ങിയശേഷം തീരദേശവികസന കോർപ്പറേഷൻ മുഖേന ഫണ്ട് സ്വരൂപിച്ച് 2010-11 സാമ്പത്തിക വർഷം ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(28) കളിമൺ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

പ്രൊഫ. സി. രവീന്ദ്രനാഥ്: സംസ്ഥാനത്തെ കളിമൺ പാത്ര നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ കളിമൺപാത്ര നിർമ്മാണ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ വളരെ കുറച്ച് അംഗങ്ങളേ ഉള്ളൂ. അവർക്ക് ഇപ്പോൾത്തന്നെ കുറച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അതിനുപുറമേ പത്ത് വർഷത്തെ അംഗത്വത്തോടെ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽനിന്നും റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് 60 വയസ് പൂർത്തിയാകുമ്പോൾ പെൻഷൻ നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(29) കുടിപ്പള്ളിക്കൂടങ്ങളിൽ സൗജന്യ പോഷകാഹാരം

ശ്രീ. എ.എം. ആരിഫ്: കുടിപ്പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്ന ആശാന്മാർക്കുള്ള പെൻഷൻ പദ്ധതി കാര്യക്ഷമമാക്കാനും അവിടെ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം കൊടുക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ ആവശ്യമായ പണം നീക്കി വയ്ക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പരിമിതമായ തോതിൽ ഇന്ന് പ്രവർത്തിക്കുന്ന കുടിപ്പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിശദമായ കണക്ക് തയ്യാറാക്കിയതിനുശേഷം ഈ മേഖലയിൽ എന്തുചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(30) കായംകുളം താലൂക്ക് ആശുപത്രി

ശ്രീ. സി.കെ. സദാശിവൻ: കായംകുളം താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരെയും നഴ്സുമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : കായംകുളം താലൂക്ക് ആശുപത്രിയിൽ 3 സിവിൽ സർജനും 4 അസിസ്റ്റന്റ് സർജനും എൻ.ആർ.എച്ച്.എം. വഴി 6 ഡോക്ടർമാരും 6 നഴ്സുമാരും ഒരു ഫാർമസിസ്റ്റും ഒരു ലാബ് ടെക്നീഷ്യനും വർക്ക് ചെയ്യുന്നുണ്ട്. 17 ഡോക്ടർമാരുള്ള ആശുപത്രിയായി ഇതിനെ ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(31) കണ്ടൽക്കാട് വികസനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നിൽ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ

കണ്ടൽക്കാടുകളുടെ സംരക്ഷണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കണ്ടൽക്കാടുകളെയും ജനങ്ങളെയും ഒരുപോലെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കടലുണ്ടി, വള്ളിക്കുന്ന് പ്രദേശങ്ങളെ റിസർവ് മേഖലയാക്കാൻ ഉദ്ദേശിക്കുകയാണ്. 5-4-2010-ന് കൂടുന്ന യോഗത്തിൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(32) നഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

ശ്രീ. റോഷി അഗസ്റ്റിൻ : നഴ്സിംഗ് പഠനം പൂർത്തിയാക്കി സ്വകാര്യ ആശുപത്രികളിൽ ബോണ്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ എസ്.എസ്.എൽ.സി. ബുക്ക് അടക്കമുള്ള ഒറിജിനൽ സർട്ടിഫിക്കറ്റ് വാങ്ങി വയ്ക്കുന്നതുമൂലം പാസ്പോർട്ട് എടുക്കുന്നതിനോ മറ്റ് ജോലികൾക്ക് അപേക്ഷിക്കുന്നതിനോ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത്തരം ആവശ്യങ്ങൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റ് തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കേരള നേഴ്സിംഗ് കൗൺസിൽ രജിസ്റ്റർ ചെയ്തതിനുശേഷം കേരളത്തിൽ നേഴ്സുമാർക്ക് സർക്കാർ സർവ്വീസിൽ നിർബന്ധിത സേവനം ആരംഭിക്കുകയും ന്യായമായിട്ടുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നുണ്ട്. സ്വകാര്യ ആശുപത്രികളിൽ ബോണ്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്ക് അത്യാവശ്യം വരുന്ന സന്ദർഭങ്ങളിൽ സ്ഥാപന മേധാവിക്ക് അപേക്ഷ സമർപ്പിച്ച് സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങാവുന്നതാണ്.

ഇക്കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുകയാണെങ്കിൽ സ്ഥാപന മേധാവിക്ക് വീണ്ടും നിർദ്ദേശം നൽകുന്നതാണ്.

(33) പാവറട്ടി വാട്ടർ സപ്ലൈ സ്കീം

ശ്രീ. ടി. പി. കുഞ്ഞുണ്ണി: പാവറട്ടി വാട്ടർ സപ്ലൈ സ്കീമിൽനിന്ന് പൂർണ്ണതോതിൽ വെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പാവറട്ടിയിൽ നിലവിലുണ്ടായിരുന്ന വെല്ലിലേയ്ക്കുള്ള പമ്പിംഗ് മെയിനും കേബിളു മൊക്കെ പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിണറിലെ കേടായ മോട്ടോർ റീവൈൻഡ് ചെയ്ത് പമ്പിംഗ് ഉടൻ പുനരാരംഭിക്കുന്ന താണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത സാമ്പത്തിക വർഷം രണ്ട് മോട്ടോർ പമ്പ്സെറ്റുകൂടി മാറ്റി സ്ഥാപിക്കുന്നതാണ്. പുതിയ മോട്ടോർ പമ്പിംഗ് മെയിൻ കേബിളുകൾ എന്നിവ സ്ഥാപിച്ച് പാലക്കാട് ജില്ലയിലെ തൃത്താല, തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ പഞ്ചായത്തുക ളിൽ ശുദ്ധജല വിതരണം പൂർണ്ണ തോതിൽ നടത്തുന്നതിന് നടപടി സ്വീകരി ക്കുന്നതാണ്.

(34) ഭൂ വിതരണം

ശ്രീ. പള്ളിപ്രം ബാലൻ: ടോട്ടൽസ്റ്റേഷൻ എന്ന ഉപകരണത്തിന്റെ അഭാവംമൂലം ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ കാസർഗോഡ് ജില്ലയിലെ അർഹതപ്പെട്ടവർക്ക് ഭൂമി ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് കണക്കിലെടുത്ത് ഭൂവിതരണം ത്വരിതപ്പെടുത്തുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കാസർഗോഡ് ജില്ലയിൽ ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട്. മുൻകാലങ്ങളിൽ മിച്ച ഭൂമി കിട്ടിയ പലർക്കും ഭൂമിയുടെ രേഖകൾ മാത്രം ലഭിക്കുകയും ഭൂമി ലഭിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ 3 പട്ടയമേളകളിലായി 4499 പേർക്ക് പട്ടയം ഉൾപ്പെടെ ഭൂമിയുടെ രേഖകൾ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. പതിനായിരത്തോളം പേർക്ക് ഭൂമി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഭൂമി അളക്കുന്നതിന് ഉപയോഗിക്കുന്ന ടോട്ടൽസ്റ്റേഷൻ വാടകയ്ക്ക് എടുക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(35) സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട ഭൂമി സംരക്ഷിക്കാൻ നടപടി

ശ്രീ. പി. കൃഷ്ണപ്രസാദ്: വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ സർക്കാരിൽ നിക്ഷിപ്തമാകേണ്ട 180 ഏക്കറോളം വരുന്ന വെള്ളാരംകുന്ന് ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ഭൂമാഫിയയ്ക്കെതിരെ ക്രിമിനൽ കേസ്സെടുക്കുകയും ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): വയനാട് ജില്ലയിലെ കൽപ്പറ്റയിൽ നടന്ന ഭൂമിയിടപാടിൽ ക്രമക്കേടുകൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് റവന്യൂ ഡെപ്യൂട്ടി കളക്ടർ ആദ്യപരിശോധന നടത്തിയിട്ടുണ്ട്. പ്രഥമദൃഷ്ട്യാ വളരെയധികം ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടതിനാലും സർക്കാർ ഉദ്യോഗസ്ഥർ, സ്വകാര്യ വ്യക്തികൾ ഒക്കെ ഉൾപ്പെട്ട

കേസ്സായതിനാലും ഒരു ഉന്നതതല പോലീസ് അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച ഫയൽ ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരികയാണ്. മിച്ചഭൂമി ആദിവാസികൾക്ക് കൊടുക്കുന്ന കാര്യത്തിൽ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

1) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം**

<u>ആഗോള താപനം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: ആഗോള താപനം, കാലാവസ്ഥാവ്യതിയാനം എന്നിവമൂലം സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കുടി വെള്ള ക്ഷാമവും കൃഷിനാശം ഉൾപ്പെടെയുള്ള ഗുരുതരമായ സ്ഥിതി വിശേഷം നേരിടാൻ അടിയന്തിരമായും ദീർഘകാല അടിസ്ഥാനത്തിലും സ്വീകരിക്കേണ്ട നടപടികളെപ്പറ്റി സഭ ചർച്ച ചെയ്യണം എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. ഇന്ന് ലോകമാകെ നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഈ പ്രമേയം അവതരിപ്പിക്കാനിടയാക്കിയത്. കേരള ത്തിൽ ഇത്രയും ജല ദൗർലഭ്യം അനുഭവപ്പെടുമെന്ന് ആരും വിചാരിച്ചതല്ല.

വെള്ളത്തെപ്പറ്റി യാതൊരു ഉത്കണ്ഠയും ഇല്ലായിരുന്നതുകൊണ്ടാണ് അന്തർ സംസ്ഥാന നദീജല കരാറുകളിലെല്ലാം കേരളം ഉദാരമായ നിലപാട് സ്വീക രിച്ചത്. കേരളത്തിന്റെ മാത്രം പൈതൃകസമ്പത്തായിരുന്ന നെൽപ്പാടങ്ങളും പുഴകളും അരുവികളും ക്ഷേത്രക്കുളങ്ങളും നീർത്തടങ്ങളും എല്ലാം ഇന്ന് വറ്റിവരളുകയാണ്. ലോക ശരാശരിയെക്കാൾ ഇരട്ടി വർഷപാതമാണ് കേരള ത്തിലുള്ളത്. ഓരോ വർഷം കഴിയുന്തോറും കേരളത്തിലെ ജല ആവശ്യകത വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരള ത്തിനാവശ്യമുള്ള ജലത്തിന്റെ നാലിരട്ടി കടലിലേയ്ക്ക് ഒഴുകി പോകുന്ന സാഹചര്യമാണുള്ളത്. തുലാവർഷവും ഇടവപ്പാതിയുംകൊണ്ട് അനുഗ്രഹീത മായ കേരളത്തിന് ഇന്ന് ജലലഭ്യത ഒരു പ്രശ്നമായി മാറിയിരിക്കുന്നു. കേരളം നേരിടുന്ന ഗുരുതരമായ ഈ സാഹചര്യത്തെപ്പറ്റി സഭ ചർച്ച ചെയ്യുകയും ദീർഘകാലാടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും കൈക്കൊള്ളേണ്ട നടപടികൾക്ക് രൂപം നൽകുകയും ചെയ്യണം. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവുംമൂലം ഇന്ന് ലോകം നേരിടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി ലോകരാഷ്ട്രങ്ങൾക്കൊക്കെ നല്ല ബോധ്യമുണ്ടെങ്കിലും പൊതുവായ ധാരണകൾ പാലിക്കാൻ വികസിത രാജ്യ ങ്ങൾ വൈമനസ്യം കാണിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം ഇതുപോലെ തുടരുകയാണെങ്കിൽ സമുദ്ര ജലനിരപ്പ് അടുത്ത നൂറ്റാണ്ടോടുകൂടി ഒരു മീറ്റർ ഉയരുന്നതിന്റെ ഫലമായി 5764 ചതുരശ്ര കിലോമീറ്റർ തീരപ്രദേശം ഇൻഡ്യ യിൽ കടലിനടിയിലാകുമെന്നും പഠനങ്ങൾ തെളിയിക്കുന്നു. അടിയന്തിരമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ പസഫിക് സമുദ്രത്തിലെ ദ്വീപുകളും ലക്ഷ ദ്വീപും ആൻഡമാൻ നിക്കോബാർ ദ്വീപുകളും മാത്രമല്ല കേരളത്തിന്റെ

കുട്ടനാടും കൊച്ചിയുടെ സമീപപ്രദേശങ്ങളും മുങ്ങിത്താഴുമെന്നാണ് ഡോ.സ്വാമിനാഥൻ കമ്മീഷൻ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. കുടിവെള്ള ക്ഷാമമുണ്ടാകുമ്പോൾ വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ഗവൺമെന്റിന് ഉണ്ടാകണം. മേൽമണ്ണിൽ നിന്ന് മഴവെള്ളം ആഴ്ന്നിറങ്ങി കീഴ്മണ്ണിലേയ്ക്ക് പോകാനുള്ള സാഹചര്യം ഉണ്ടായില്ലെങ്കിൽ ഭൂഗർഭ ജല സ്രോതസ്സും ഇല്ലാതാകും. തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷി ക്കുന്നതിനുള്ള നിയമം പാസ്സാക്കിയത് വളരെ ശ്രദ്ധേയമാണ്. ചോലകൾ, പുഴകൾ, കുളങ്ങൾ തുടങ്ങിയ പ്രകൃതി സമ്പത്ത് സംരക്ഷിക്കാൻ സാധി ക്കണം. ഭൂഗർഭ ജലത്തിന്റെ സാധ്യത കുറയുകയാണ്. ഇന്ന് അനുഭവ പ്പെടുന്ന ജല ദൗർലഭ്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കാമ്പയിനുകൾ സംഘടിപ്പിക്കുകയും ലഭ്യമായ മഴവെള്ളം ഭൂമിയിൽ ഇറങ്ങാൻ സാഹചര്യമുണ്ടാക്കുകയും ചെയ്യണം. കൂടാതെ ത്രിതല പഞ്ചായത്ത് സമിതികൾ വാർഷിക പദ്ധതിയിൽ ജലം സംരക്ഷിക്കുന്നതിന് മുൻഗണന കൊടുക്കണം. നീർത്തടങ്ങൾ, ക്ഷേത്രക്കുളങ്ങൾ, തണ്ണീർത്തട ങ്ങൾ എന്നിവയെ സംരക്ഷിക്കണം. പുഴകളും തോടുകളും തടയണ കെട്ടി വെള്ളത്തിന്റെ ഒഴുക്ക് ഇല്ലാതാക്കുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കണം. കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. പദ്ധതി നടത്തിപ്പിലെ കാലതാമസം അവസാനിപ്പിക്കണം. കുടിവെള്ള പദ്ധതികളെങ്കിലും സമയബ ന്ധിതമായി പൂർത്തീകരിക്കാൻ. നടപടി സ്വീകരിക്കണം. ലഭ്യമായ ഫണ്ടുക ൾ വച്ച് വരൾച്ച നേരിടാൻ ദീർഘ കാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവി ഷ്ക്കരിക്കണം.

<u>ശ്രീ. പി. ജയരാജൻ:</u> പ്രമേയത്തിന്റെ സത്തയോട് പൂർണ്ണമായി യോജിക്കുന്നു. അഗ്നിപർവ്വതം തുടങ്ങി പ്രകൃതിയിലുണ്ടാകുന്ന പ്രക്രിയകൾ മൂലം കാലാവസ്ഥാ വ്യതിയാനം ഉണ്ടാകാറുണ്ട്. പക്ഷേ മനുഷ്യന്റെ ഇടപെടൽ ഒരുപരിധി വരെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഗതിവേഗം കൂട്ടിയിരിക്കുകയാണ്. കാർബൺഡൈഓക്സൈഡ്, മീതൈൻ തുടങ്ങിയ വാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ വർദ്ധിച്ചത് കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നു. കാലാവസ്ഥാ വ്യതിയാനം വലിയൊരള വിൽ മനുഷ്യ സമൂഹത്തെ ബാധിക്കുന്ന സ്ഥിതിയാണുള്ളത്. ആഗോള താപനത്തെയും കാലാവസ്ഥ വ്യതിയാനത്തെയും സംബന്ധിച്ച് കോപ്പൻഹേഗനിൽ വച്ചുകൂടിയ അന്താരാഷ്ട്ര ഉച്ചകോടിയിൽ വ്യക്തമായ ധാരണയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ആദിമ മനുഷ്യർ പ്രകൃതിയെ ആരാധിച്ചിരുന്നുവെങ്കിൽ, പിന്നീട് പ്രകൃതിയെ അറിയാനും തുടർന്ന് പ്രകൃതിയെ മാറ്റാനുംവേണ്ടിയുള്ള ശാസ്ത്രത്തിന്റെ ആവിർഭാവത്തോടെ കൈവന്ന വൈജ്ഞാനിക നേട്ടങ്ങൾ എല്ലാ രാഷ്ട്രങ്ങളും സമത്വമായിട്ടല്ല പങ്കുവച്ചത്. അങ്ങനെയാണ് വികസിതവും അവികസിതവുമായ രാഷ്ട്രങ്ങൾ ഉണ്ടായത്. തൊണ്ണൂറുകളിൽ തന്നെ കാർബൺ വാതകത്തിന്റെ ബഹിർഗമനം കുറയ്ക്കുന്നതു സംബന്ധിച്ച് ഐക്യരാഷ്ട്ര സഭ ചർച്ചകൾ ആരംഭിച്ചിരുന്നു. കാലാവസ്ഥാ വ്യതിയാനം മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ കാർബൺ പോലുള്ള വാതകങ്ങളുടെ ബഹിർഗമനം ഒഴിവാക്കി ആഗോള താപനം കൂടാതിരിക്കാൻ വികസിത രാജ്യങ്ങൾ ത്വരിതഗതിയിൽ നടപടി സ്വീകരിക്കണമെന്നായിരുന്നു

ആ ചർച്ചകളിൽ തീരുമാനിച്ചത്. ഇൻഡ്യയെക്കാൾ എത്രയോ ഇരട്ടി വാതകങ്ങളാണ് അമേരിക്ക പോലുള്ള വികസിത രാജ്യങ്ങൾ അന്തരീക്ഷത്തിൽ ലയിപ്പിക്കുന്നത്. ഭൂമിക്കടിയിലുള്ള ചൂടും താപമാനങ്ങളിലുണ്ടാകുന്ന മാറ്റത്തിന് കാരണമാണോ എന്നത് പഠന വിഷയമാക്കേണ്ടതാണെന്നാണ് ശാസ്ത്രമതം. ആഗോളതാപനം കൂടുന്നതിന്റെ ഭാഗമായുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് അവികസിത രാജ്യങ്ങളെയാണ്. ആഗോളതാപനം മൂലം ഹിമാലയത്തിലെ മഞ്ഞുമലകൾ 2033 ആകുമ്പോഴേയ്ക്കും മുഴുവൻ ഉരുകുമെന്നാണ് ശാസ്ത്രപഠനം വെളിപ്പെടുത്തുന്നത്. ഇൻഡ്യയിൽ ഏറ്റവും പാവപ്പെട്ട ആളുകളെയായിരിക്കും ഇത് കൂടുതൽ ബാധിക്കുന്നത്. മഞ്ഞുരുകി വരുന്നതിന്റെ ഫലമായി സമുദ്രനിരപ്പുയർന്ന് കേരളത്തിൽ സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന കുട്ടനാട്, വേമ്പനാട് കായലിന്റെ പരിസര പ്രദേശങ്ങൾ തുടങ്ങി തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നീ പ്രധാന പട്ടണങ്ങളടക്കം പൂർണ്ണമായി വെള്ളത്തിലാഴ്ന്നു പോകുമെന്നാണ് ശാസ്ത്രജ്ഞരുടെ നിരീക്ഷണം. കാലാവസ്ഥ വ്യതിയാനം മൂലമുള്ള വരൾച്ചയുടെ ഫലമായി സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ആഴം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥ വ്യതിയാനങ്ങൾ അതിരൂക്ഷമായ വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാക്കുകയും മണ്ണിന്റെ ഘടനയ്ക്ക് മാറ്റം വരികയും കുടിവെള്ളം കിട്ടാത്ത അവസ്ഥയും കൃഷി നശിച്ചുപോകുകയും ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ മാരക പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകും. ഇത്തരം സാഹചര്യങ്ങളൊക്കെ നേരിടാൻ ദീർഘകാല

പദ്ധതികളും ഹ്രസ്വകാല പദ്ധതികളും കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: പ്രമേയത്തെ പിന്താങ്ങുന്നു. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും. മൂലം സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ വരൾച്ചയെ അതിജീവിക്കാൻ ദീർഘകാല/ഹ്രസ്വകാല പദ്ധതികൾ ക്രിയാത്മകമായി നടപ്പിലാക്കണം. മഴവെള്ളം നദികളിലൊഴുകിപ്പോയി ഭൂഗർഭ ജലത്തിന്റെ അളവ് താഴ്ന്നുപോകുന്നത് നേരിടാൻ മഴവെള്ളം ശേഖരിച്ചുപയോഗിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം. തടയണകൾ നിർമ്മിക്കൽ, കുന്നുകൾ ഇടിച്ചുനിരത്തൽ തുടങ്ങിയ പ്രവണതകൾ തടയണം. വരൾച്ച അതിരൂക്ഷമായ ഇടുക്കി ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കണം. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കേടുവന്ന കുടിവെള്ള പമ്പ്സെറ്റ് മെയിന്റെയിൻ ചെയ്യുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യണം. പല പഞ്ചായത്തുകളിലും കുടിവെള്ളത്തിനായി നിർമ്മിച്ച കാലപ്പഴക്കംകൊണ്ട് പ്രവർത്തനരഹിതമായ സ്കീമുകൾ നവീകരിക്കണം. ഏറ്റെടുക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് കഴിയുമോ എന്ന് പരിശോധിച്ചിട്ടു മാത്രമേ എ.എസ്. നൽകാൻ പാടുള്ളൂ. കഴിഞ്ഞ മഴക്കാലത്ത് തകർന്ന ഇടുക്കിയിലെ ചിന്നാർ പുഴയ്ക്കു കുറുകെയുള്ള പാലങ്ങളും കുടിവെള്ള പദ്ധതികളും പുനരുജ്ജീവിപ്പിക്കണം. ജലസുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും ബോധവൽക്കരണം നടത്താനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം. വരൾച്ചയെ നേരിടാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകണം.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: ആഗോള താപനം, കാലാവസ്ഥ വ്യതിയാനം എന്നു വിശേഷിപ്പിക്കുന്ന പാരിസ്ഥിതികമായിട്ടുള്ള പ്രതിസന്ധിയിലാണ് രാജ്യം എത്തി നിൽക്കുന്നത്. മനുഷ്യർ ഉണ്ടാക്കിയ ശാസ്ത്ര നേട്ടങ്ങൾ മനുഷ്യരാശിയെ ദുരന്തങ്ങളിലേയ്ക്ക് നയിക്കും എന്ന പ്രവചനം ശരിവയ്ക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ലോകമൊട്ടാകെ നടക്കുന്നത്. തെറ്റായ വികസന പ്രക്രിയയുടെ ഫലമായിട്ടാണ് ഇത്തരം കാലാവസ്ഥ വ്യതിയാനങ്ങൾ സംഭവിക്കുന്നത്. ലോകത്ത് മനുഷ്യരാശിക്കാനുപാതികമായിട്ടുള്ള പ്രകൃതി വിഭവങ്ങൾ ഇല്ലെന്നതാണ് ഇന്നഭിമുഖീകരിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്. ആഗോളതാപനത്തെക്കുറിച്ച് ഭയാശങ്കയുളവാക്കുന്ന വാർത്തകളാണ് കേട്ടുകൊണ്ടിരിക്കുന്നത്. കുടിവെള്ളക്ഷാമം, വരൾച്ച, കൃഷിനാശം തുടങ്ങിയ പ്രശ്നങ്ങളൊക്കെ കേരളം അവലംബിക്കുന്ന വികസന പ്രക്രിയകളുടെ ദുരന്തഫലങ്ങളാണ്. കേരളം തുടർന്നുവരുന്ന വികസന മാതൃകകൾക്ക് മൗലീകമായ തകരാറുകൾ ഉണ്ടോ എന്നത് പരിശോധിക്കണം. നെൽകൃഷി ചെയ്തിരുന്ന ജല സമൃദ്ധമായ പ്രദേശങ്ങൾ നാണ്യവിള കൃഷിക്കായി പരിവർത്തനം ചെയ്യുന്ന വികസന പ്രക്രിയ അവസാനിപ്പിക്കണം. നെൽക്കൃഷി നടന്നിരുന്ന കാലത്ത് ജലസ്രോതസ്സുകൾ, ജലസംഭരണികൾ, തോടുകൾ, കനാലുകൾ, ഇവയൊക്കെ സംരക്ഷിക്കാനുള്ള ഒരു സംവിധാനമുണ്ടായിരുന്നു. നെൽകൃഷി ഏതാണ്ട് അവസാനിച്ചതോടെ ഭൂവിനിയോഗത്തിന്റെ രീതിയിൽ മൗലികമായിട്ടുള്ള മാറ്റങ്ങൾ വന്നു. കുളങ്ങളും ചിറകളും വ്യാപകമായി നികത്തപ്പെട്ടു. തൃശ്ശൂർ നഗരത്തിലെ ബസ് സ്റ്റാന്റ് നിലനിൽക്കുന്നത് തൃശ്ശൂർ നഗരത്തിന് മുഴുവൻ വെള്ളം കൊടുക്കാൻ പര്യാപ്തമായിട്ടുള്ള ഇരട്ടച്ചിറ നികത്തിയ സ്ഥലത്താണ്. സംസ്ക്കാര

ത്തിലും കൃഷി രീതിയിലും വന്ന മാറ്റം ജലസ്രോതസ്സുകളുടെ പ്രാധാന്യത്തെ അവഗണിക്കുന്നതായിരുന്നു. രാസവളങ്ങളുടെ അനിയന്ത്രിതമായിട്ടുള്ള പ്രയോഗം ജലസ്രോതസ്സുകളെ മലിനീകരിക്കുന്നതിനും നശിപ്പിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. പുഴകളേയും നദികളേയും മറ്റ് ജലസ്രോതസ്സുകളേയും സംരക്ഷിക്കുന്നതിന് എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ഭരണ സംവിധാനമുണ്ടാകണം. ആഗോളതാപനത്തിന്റേയും കാലാവസ്ഥ വ്യതിയാനത്തിന്റേയും ജലക്ഷാമത്തിന്റേയും കൃഷി നാശത്തിന്റേയും ഒക്കെ പശ്ചാത്തലത്തിൽ കേരളത്തിന്റെ തനതായ പരിസ്ഥിതിയെ പുനസൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി തുടക്കം കുറിച്ച 10 കോടി വൃക്ഷങ്ങൾ നടുന്ന പദ്ധതി അഭിനന്ദനാർഹമാണ്. ഐ.എസ്.ആർ.ഒ.-യുടേയും Western Australia University-യുടേയും സഹായത്തോടെ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഒരു integrated MSc കോഴ്സ് ആരംഭി ക്കുന്നതിനുള്ള കാർഷിക സർവ്വകലാശാലയുടെ തീരുമാനം ശുഭോദർക്ക മാണ്. കഴിഞ്ഞ ഒരു വർഷമായി ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് നടത്തിവരുന്ന ഗവേഷണങ്ങൾ തീർച്ച യായും ഈ രംഗത്തെ ഉത്ക്കണ്ഠകൾ പരിഹരിക്കുന്നതിൽ സഹായകമായി ത്തീരും.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: പ്രമേയത്തെ അനുകൂലിക്കുന്നു. കേരളം ഒരുകാലത്തും അനുഭവിക്കാത്ത രൂക്ഷമായ വരൾച്ചയാണ് നേരിടു ന്നത്. നദികളും, കുളങ്ങളും, കിണറുകളും വരണ്ടുകൊണ്ടിരിക്കുന്നു. ഒരു തുള്ളി വെള്ളത്തിനായി ജനങ്ങൾ നെട്ടോട്ടമോടുകയാണ്. പാടശേഖരങ്ങൾ വരണ്ട് കൃഷി നശിക്കുന്നു. വരൾച്ചയെ നേരിടാൻ അടിയന്തിര നടപടികൾ

സ്വീകരിക്കുന്നതോടൊപ്പം ശുദ്ധജലക്ഷാമം പരിഹരിക്കാൻ ദീർഘവീക്ഷണ ത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. മലപ്പുറം ജില്ലയിൽ അനുഭവ പ്പെടുന്ന കടുത്ത കുടിവെള്ളക്ഷാമത്തിന് പരിഹാര മാർഗ്ഗങ്ങൾ കണ്ടെ ത്തണം. ചില സ്ഥലങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികളുടെ സ്രോതസ്സു കൾ വറ്റിയതുകാരണം ജല വിതരണം നടത്താൻ കഴിയുന്നില്ലെങ്കിൽ മറ്റു ചില സ്ഥലങ്ങളിൽ വോൾട്ടേജ്ക്ഷാമം കാരണം പദ്ധതികൾ പ്രവർത്തി പ്പിക്കാൻ കഴിയുന്നില്ല. വാട്ടർ അതോറിറ്റി കറണ്ട് ചാർജ്ജ് അടച്ചില്ല എന്ന കാരണത്താൽ ശുദ്ധജല വിതരണ പദ്ധതികളിലെ വൈദ്യുതി വിച്ഛേദിക്കുന്നത് വരൾച്ച രൂക്ഷമായ ഈ സമയത്തെങ്കിലും ഒഴിവാക്കണം. വരൾച്ച നേരിടാൻ മലപ്പുറം ജില്ലയ്ക്ക് ചുരുങ്ങിയത് 3 കോടി രൂപയെങ്കിലും അടിയന്തിരമായി അനുവദിക്കണം. കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണം. യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കണം. വരൾച്ച നേരിടുന്ന തിനുള്ള പദ്ധതികൾക്ക് കളക്ടർമാർക്ക് എ.എസ്. നൽകാനുള്ള പരിധി മുമ്പു ണ്ടായിരുന്നതുപോലെ പത്തുലക്ഷം രൂപയാക്കി നിശ്ചയിക്കണം. വരൾച്ചയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതോടൊപ്പം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന തിനെപ്പറ്റിയും ചർച്ച ചെയ്യണം. നദികൾ, കിണറുകൾ, ജലാശയങ്ങൾ എന്നിവ മലിനമാക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. കുടിവെള്ള പദ്ധതികളുടെ ഉറവിടങ്ങൾ മലിനമാകുന്നത് തടയാൻ നദീതട അതോറിറ്റികൾ രൂപീകരിക്കണം. ജലാശയങ്ങൾ നന്നാക്കാനും കുളം കുഴിക്കുവാനും നദീതട സംരക്ഷണത്തിനും തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തണം. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ലോറിയിലും മറ്റും വെള്ള

മെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകണം. ഈ വർഷത്തെ പദ്ധതിവിഹിതത്തിൽ ചെലവാക്കാതെവന്ന പണം കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടി ഉപയോഗപ്പെടുത്തണം.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : പ്രമേയത്തെ അനുകൂലിക്കുന്നു. ഓരോ പ്രദേശത്തുമുണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് കാലാവസ്ഥ വ്യതിയാനങ്ങൾക്ക് കാരണമായത്. വനവിസ്തൃതി കുറഞ്ഞതും നെൽപ്പാടങ്ങൾ നികത്തുന്നതും കാവുകളും ഓപ്പൺ വെല്ലുകളും കുളങ്ങളും നശിപ്പിക്കുന്നതും കാലാവസ്ഥയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന് പരിഹാരം കാണാൻ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ധാരാളം ജലസ്രോതസ്സുള്ള കേരളത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതിന്റെ പ്രധാന കാരണം ശരിയായ വാട്ടർ മാനേജ്മെന്റിന്റെ അഭാവമാണ്. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് ഫെസിലിറ്റീസ് നടപ്പിലാക്കണം.

ശ്രീ. ടി. യു. കുരുവിള : പ്രമേയത്തെ അനുകൂലിക്കുന്നു. പെരിയാർവാലിയിലെ റിപ്പയറിംഗ് ജോലികൾ കൃത്യസമയത്ത് നടത്താത്തതിനാലും ഷട്ടറിന്റെ പ്രവർത്തനം ക്രമീകരിക്കാതെ വർക്കുകൾ അറേഞ്ച് ചെയ്യുന്നതിനാലും പല സ്ഥലത്തും വെള്ളം എത്തുന്നില്ല. കനാലിൽ വെള്ളമില്ലാതിരിക്കുമ്പോൾ വർക്കുകൾ അറേഞ്ച് ചെയ്യണം. തടസ്സങ്ങളൊക്കെ അവസാനിച്ച സാഹചര്യത്തിൽ മൂവാറ്റുപുഴ പ്രോജക്ടിന്റെ അവശേഷിക്കുന്ന ഭാഗത്തെ പണികൾ കൂടി പൂർത്തീകരിച്ച് കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം. ഇഞ്ചൂർ കനാൽ ഭാഗത്ത് ഒരു ചെറിയ ചാനൽ വെട്ടി പാടങ്ങളിൽ വെള്ളം എത്തിച്ച് നെൽക്കൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കണം. കോതമംഗലത്തെ ശുദ്ധജലവിതരണ പദ്ധതികൾ എത്രയുംവേഗം പൂർത്തിയാക്കണം.

ലോറിയിൽ കുടിവെള്ളമെത്തിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും അഴിമതിക്ക് കാരണമാകുമെന്നുള്ളതിനാലും നിലവിലുള്ള പൈപ്പ്ലൈനുകൾ നീട്ടി വെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പുഴയുടേയും തോടിന്റെയും തീരങ്ങളിൽ അറവുശാലകൾ അനുവദിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : പ്രമേയത്തെ അനുകൂലിക്കുന്നു. കേരളം നേരിടുന്ന ഗുരുതരമായ വരൾച്ചയും കുടിവെള്ളക്ഷാമവും പരിഹരിക്കാൻ ഈ സർക്കാർ മാത്രം വിചാരിച്ചാൽ സാധിക്കുകയില്ല. ആഗോളതാപനത്തിന്റെ പ്രത്യാഘാതത്തിൽനിന്ന് കേരളത്തെ മാത്രം പൂർണ്ണമായും ഒഴിച്ചു നിറുത്താൻ കഴിയുമെന്ന് തോന്നുന്നില്ല. വറ്റിവരണ്ട പുഴകളും തണൽ നഷ്ടപ്പെട്ട ഭൂമിയും വിണ്ടുകീറിയ പ്രദേശങ്ങളും കേരളത്തിൽ ഇപ്പോൾ സ്ഥിരം കാഴ്ചയാണ്. ഭൂപ്രകൃതിഭംഗി കൊണ്ട് അനുഗ്രഹീതമായ കേരളത്തിൽ ഉപരിതലജലത്തിന്റെ അളവ് കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത് വൻകിട കുത്തകകൾ യാതൊരു നിയന്ത്രണവുമില്ലാതെ പ്രകൃതിയെ ദുരുപയോഗം ചെയ്തതിന്റെ ദുരന്തമാണ് ഇന്ന് ലോകമാകെ നേരിട്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥ വ്യതിയാനം. അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് ഭീമമായി വർദ്ധിക്കുന്നതുമൂലം അന്തരീക്ഷ താപനില ക്രമാതീതമായി വർദ്ധിക്കുകയാണ്. അടുത്ത നൂറ്റാണ്ടിൽ അന്തരീക്ഷതാപനം 6 ഡിഗ്രി സെൽഷ്യസ് വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. അന്തരീക്ഷ താപനം വഴിയാണ് കാലാവസ്ഥയിലാകെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ വലിയരൂപത്തിൽ സ്വാധീനിക്കാൻ സാധിക്കില്ല. മനുഷ്യന്റേയും ഇതര ജീവജാലങ്ങളുടേയും നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്ന അതിഗുരുതരമായ അവസ്ഥയാണ് ഇതുമൂലം ലോകത്താകെത്തന്നെ

സംജാതമാകാൻ പോകുന്നത്. അന്തരീക്ഷ താപത്തിന്റെ ഉയർച്ചയുടെ ഫലമായി വെള്ളപ്പൊക്കം, കുടിവെള്ള ക്ഷാമം, ചുടുകാറ്റ്, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ് തുടങ്ങിയ കാലാവസ്ഥ മാറ്റങ്ങൾ ലോകത്താകെയുണ്ടാകും. കൊടുംവേനലിൽ ദിവസങ്ങളോളം പെരുമഴ പെയ്യുന്ന അനുഭവങ്ങൾ ഇന്ന് കേരളത്തിലുണ്ടാവുകയാണ്; മഴമാസങ്ങളിൽ മഴയില്ലാത്ത സ്ഥിതിയാണുള്ളത്. സമതലങ്ങളും ഡെൽറ്റ പ്രദേശങ്ങളും അടങ്ങിയ കൃഷിഭൂമികളിലെല്ലാം ഉപ്പുവെള്ളം കയറി കൃഷിക്ക് അനുയോജ്യമല്ലാതായി മാറുന്ന ഒരവസ്ഥയുണ്ടാകാൻ പോവുകയാണ്. ഇതെല്ലാം കേരളത്തെ അതിഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്. മഴ വെള്ളം കടലിലേയ്ക്ക് ഒഴുകിപ്പോകുന്നത് സംരക്ഷിച്ചുനിറുത്താനാവശ്യമായ നടപടികളുണ്ടാകണം. ഭൂമിക്കടിയിലേയ്ക്ക് മഴവെള്ളം കിനിഞ്ഞിറങ്ങിപ്പോകാനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കണം. ജലചൂഷണം തടയുന്നതിന് ശാസ്ത്രീയമായ സംവിധാനമുണ്ടാകണം. ഭൂമിയിലേയ്ക്ക് ജലം കിനിഞ്ഞിറങ്ങാൻ പറ്റാവുന്ന പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. സസ്യസംരക്ഷണത്തിനും വനസംരക്ഷണത്തിനുമുള്ള പദ്ധതികൾ കുറേക്കൂടി കാര്യക്ഷമമാക്കണം. ഇൻഡ്യയിലാകെ വനവിസ്തൃതി കുറഞ്ഞപ്പോൾ കേരളത്തിലെ വനവിസ്തൃതി മൂന്നുശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ വ്യത്യസ്ഥമായ കാഴ്ചപ്പാടിന്റെ ഫലമാണ്. തരിശുനിലങ്ങളിലും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലുമൊക്കെത്തന്നെ വ്യാപകമായി മരം വച്ചുപിടിപ്പിക്കാനാവശ്യമായ സംവിധാനങ്ങളുണ്ടാകണം. കാർബൺ സ്വാംശീകരണ കഴിവ് കണക്കിലെടുത്ത് മുളയെ സംരക്ഷിക്കാനാവശ്യമായ നടപടി ആവിഷ്ക്കരിക്കണം. പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തണം. ഇലകളുള്ള മരങ്ങൾ

ധാരാളം വച്ചുപിടിപ്പിക്കണം. ഒരുകാരണവശാലും വയൽ നികത്താൻ അനുമതി നൽകരുത്. ചതുപ്പുനിലങ്ങൾ സംരക്ഷിക്കണം. പുഴകളിലെ മണലൂറ്റ് അവസാനിപ്പിക്കണം. കാടും കൃഷിയുമൊക്കെ സംരക്ഷിക്കണം. കേരളീയരുടെ ഭക്ഷണ രീതിയിലും ജീവിതരീതിയിലും മാറ്റങ്ങൾ അനിവാര്യമാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടിയും കേരളത്തിലെ ജനങ്ങളുടെ സഹകരണത്തോടെയും വരൾച്ചയെ നേരിടുന്നതിനാവശ്യമായ നയങ്ങൾ ആവിഷ്ക്കരിക്കണം.

ശ്രീ. ടി. എൻ. പ്രതാപൻ: പ്രമേയത്തെ അനുകൂലിക്കുന്നു. കനത്ത ചൂടിലും വരൾച്ചാഭീതിയിലുമാണ് ഇന്ന് കേരളം. താപനില വളരെയധികം ഉയർന്നിരിക്കുന്നു. മഴയുടെ തോതാണെങ്കിൽ വർഷംതോറും കുറയുകയാണ്. ഭക്ഷ്യക്ഷാമവും കാലാവസ്ഥ വ്യതിയാനവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന വിഷയങ്ങളാണ്. കാലാവസ്ഥ വ്യതിയാനങ്ങൾ കുടിവെള്ള സ്രോതസ്സുകളെ തകർക്കുകയാണ്. കാലാവസ്ഥ വ്യതിയാനത്തെ നേരിടാൻ ഒരു ഗ്രീൻ കേരള കാമ്പെയിനിന് സർക്കാർ രൂപരേഖ തയ്യാറാക്കണം. ഉപരിതലതാപം വർദ്ധിക്കുന്ന മേഖലകളിലേയ്ക്ക് കാര്യക്ഷമമായ ഇടപെടൽ നടത്താൻ കഴിയണം. ഒരോരുത്തരും ജീവിക്കുന്ന ഭൂവിഭാഗത്തെ സംരക്ഷിക്കേണ്ടത് അവരവരുടെ കടമയാണെന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് ഗ്രീൻ കേരള കാമ്പെയിനിലൂടെ കഴിയണം. കേരളത്തെ ഹരിതാഭമാക്കാൻ ഓരോരുത്തരും ഒരു വൃക്ഷത്തെയെങ്കിലും നടണമെന്നുള്ളത് നിർബന്ധമായി നടപ്പാക്കണം. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും കാർബൺ നിയന്ത്രണത്തിനും വൃക്ഷങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് പുതിയ തലമുറയെ ബോധവാന്മാരാക്കണം. കേരളത്തിൽ ആളോഹരി ശുദ്ധജലലഭ്യത കുറയുകയും ഉപഭോഗം വർദ്ധിക്കുകയുമാണ് ചെയ്യുന്നത്. കേരളത്തിലെ ശുദ്ധജല നീർത്ത

ടങ്ങളുടെ ആഴവും വിസ്തൃതിയും വർദ്ധിപ്പിച്ച് മഴവെള്ളം കഴിയാവുന്നത്ര സംഭരിച്ചു നിർത്താൻ കഴിയണം. മഴവെള്ളം സംഭരിക്കുന്നതിലും അത് ശാസ്ത്രീയമായി ഉപയോഗിക്കുന്നതിലും തമിഴ്നാട് സ്വീകരിക്കുന്ന രീതി കേരളം മാതൃകയാക്കണം. ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ ജനങ്ങളുടെ ജീവിതരീതിയിലും കാഴ്ചപ്പാടിലും മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ഇടപെടൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ആഗോളതാപനത്തെ അതിജീവിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള സംവിധാനത്തിന് രൂപം കൊടുക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. വ്യവസായ സ്ഥാപനങ്ങൾ ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിന് ഒരു ഇൻഡസ്ട്രിയൽ വാട്ടർസപ്ലൈ സ്കീം നടപ്പാക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: പ്രമേയത്തിന്റെ ഉള്ളടക്കത്തോടു യോജിക്കുന്നു. കാലാവസ്ഥ വ്യതിയാനവും ജനസാന്ദ്രതയും പാർപ്പിടങ്ങളുടെ പെരുപ്പവുമാണ് ജലക്ഷാമം രൂക്ഷമാക്കിയത്. കുളങ്ങളും ഏലാകളും നികത്തിയതോടെ കിണറുകൾ വറ്റിത്തുടങ്ങിയപ്പോഴാണ് ട്യൂബ് വെല്ലുകളും ബോർവെല്ലുകളും കുഴിക്കാൻ തുടങ്ങിയത്. എന്നാൽ ഇതിലും ജലദൗർലഭ്യം അനുഭവപ്പെടുകയാണ്. ട്യൂബ് വെൽ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് നിയന്ത്രണം കൊണ്ടുവന്ന സാഹചര്യത്തിൽ നദീതടങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ട്യൂബ് വെല്ലുകളോ ബോർ വെല്ലുകളോ കുഴിക്കുന്നതിനുള്ള പദ്ധതികൾ അംഗീകരിച്ചുകൊണ്ട് കുടിവെള്ളം ഓവർ ഹെഡ് ടാങ്കുകളിൽ സ്റ്റോർ ചെയ്ത് ജനങ്ങളിൽ എത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തണം. കുടിവെള്ളക്ഷാമം അനുഭവപ്പെടാതിരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. അറേബ്യൻ രാജ്യങ്ങളിൽ കടൽ വെള്ളം ശുദ്ധീകരിച്ചു

കൊടുക്കുന്നതു പോലുള്ള സംവിധാനം ഭാവിയിൽ കേരളത്തിലും ആവിഷ്ക്കരിക്കേണ്ടി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: ലോകം അഭിമുഖീകരിക്കുന്ന ആഗോളതാപനത്തെയും കാലാവസ്ഥ വ്യതിയാനത്തെയും സംബന്ധിച്ച് ചർച്ച ചെയ്യുന്നത് സഭയുടെ അന്തസ്സ് ഉയർത്തുന്നതാണ്. കേരളത്തിലെ ജലസമൃദ്ധി ഒരു പഴയ കഥയായി മാറിയിരിക്കുകയാണ്. മഴവെള്ളം കടലിലേയ്ക്ക് ഒഴുക്കിക്കളയുന്നതിന് ഉത്തരവാദികൾ ആരാണെന്നും അതിന് ഇടയാക്കിയ സാഹചര്യമെന്താണെന്നും ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽ ആലോചിക്കുന്നത് ഉചിതമായിരിക്കും. പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനെക്കുറിച്ച് പ്രത്യേക കാഴ്ചപ്പാടുണ്ടാകണം. മഴവെള്ളം കുടിവെള്ളമായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. ജലസംരക്ഷണം, ഭൂസംരക്ഷണം, വനസംരക്ഷണം എന്നിവയ്ക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. വെള്ളപ്പൊക്കവും വരൾച്ചയും ഉണ്ടാകാതിരിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: പ്രമേയത്തിന്റെ ഉള്ളടക്കത്തെ അനുകൂലിക്കുന്നു. ആഗോളതാപനവും അതിനെത്തുടർന്നുള്ള കാലാവസ്ഥ വ്യതിയാനവും ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന ഗൗരവമായ ഒരു വിഷയമായി മാറിക്കഴിഞ്ഞു. കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രാഥമികമായിട്ടുള്ള കാരണം ആഗോള താപനമാണ്. കാലാവസ്ഥയിലുണ്ടായിട്ടുള്ള വ്യതിയാനം, പെട്ടെന്നുണ്ടാകുന്ന മഞ്ഞുരുകൽ, സമുദ്രജലപ്രവാഹത്തിന്റെ വേഗതയും ദിശയും മാറൽ തുടങ്ങിയവ

ആഗോളതാപനത്തിന്റെ ഫലമായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങളാണ്. ഈ പ്രതിഭാസം തികച്ചും മനുഷ്യസൃഷ്ടി മാത്രമായതുകൊണ്ട് ഇത് പരിഹരിക്കാൻ മനുഷ്യൻ തന്നെ ഇടപെടണം എന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്. അന്തരീക്ഷത്തിലുള്ള ഊഷ്മാവിന്റെ മാറ്റം കാറ്റിന്റേയും ജലപ്രവാഹങ്ങളുടേയും അളവിനെ മാറ്റുന്നു. ഭൂമിയിലെ ജൈവവൈവിദ്ധ്യത്തിന്റെ സംരക്ഷണത്തേയും അന്തരീക്ഷത്തിന്റെ സന്തുലനത്തേയും നിലനിർത്തേണ്ട ചുമതല മനുഷ്യന്റെതാണെന്ന തിരിച്ചറിവ് ഉണ്ടാകണം. കാർമേഘങ്ങളുടെ ചലനദിശയിൽ മാറ്റങ്ങൾ സംഭവിക്കുമ്പോഴാണ് കാലാവസ്ഥയിൽ മാറ്റമുണ്ടാകുന്നത്. കാലാവസ്ഥയുടെ അനിശ്ചിതത്വമാണ് വിളവിന്റെ ഏറ്റക്കുറച്ചിലുകൾ നിർണ്ണയിക്കുന്നത്. കാറ്റിലും ചൂടിലും ജലപ്രവാഹത്തിലും മാറ്റം വരുമ്പോൾ വിളകളുടെ ഉൽപ്പാദനത്തിലും വ്യത്യാസം ഉണ്ടാകും. കാലാവസ്ഥാപരമായ സദൃശ്യ സ്വഭാവങ്ങളെ ആസ്പദമാക്കി ഇൻഡ്യയെ 35 കാലാവസ്ഥ മേഖലകളായി തിരിച്ചിട്ടുണ്ട്.; അവയെ വീണ്ടും 127 ഉപകാലാവസ്ഥ മേഖലകളായും തിരിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനവും വികസനവും തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നതുപോലെ കാലാവസ്ഥ വ്യതിയാനവും പൊളിറ്റിക്കൽ ഇക്കോണമിയും തമ്മിൽ വലിയ ബന്ധമുണ്ട്. ആഗോള താപനത്തെ കുറച്ചുകൊണ്ടുവരുന്ന വികസന സങ്കൽപ്പങ്ങൾ നടപ്പിലാക്കുക എന്നതു മാത്രമാണ് ഈ ഗുരുതരമായ പ്രശ്നത്തിൽനിന്നും കേരള ജനതയെ രക്ഷിക്കാനുള്ള ഏക വഴി. കാർബൺഡൈഓക്സൈഡും അതുപോലെ അന്തരീക്ഷത്തെ തമിപ്പിക്കുന്ന മറ്റ് വാതകങ്ങളും കുറയ്ക്കാൻ കഴിയുന്നത് പച്ചനിറത്തിനു മാത്രമാണ്. കാടുകളും പച്ചനിറത്തിലുള്ള സമതലങ്ങളും സംരക്ഷിച്ചു നിറുത്താനുള്ള ഒരു പൊളിറ്റിക്കൽ ഇക്കോണമി ഉണ്ടാകണം.

ഓരോ സംസ്ഥാനത്തിനും തനതായ വികസന സങ്കൽപ്പം ഉണ്ടാകണം. ഉൽപ്പാദനത്തിന്റെ വർദ്ധനവ്, സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം, പാരിസ്ഥിതികമായ സന്തുലനം, സാമൂഹികമായ സ്വസ്ഥത ഈ നാല് ഘടകങ്ങളും വികസിപ്പിക്കുന്ന ഒരു വികസന സംസ്ക്കാരം വളർത്തിയെടുക്കണം. മണ്ണിലെ ജലാംശം വർദ്ധിപ്പിക്കാൻ മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കണം. മണ്ണിന് ജൈവാംശം വർദ്ധിപ്പിക്കാൻ മൃഗസംരംക്ഷണം പ്രോത്സാഹിപ്പിക്കുകയും സസ്യാംശം വർദ്ധിപ്പിക്കുക യും ചെയ്യണം. മണ്ണിലെ ഊഷ്മാവ് നിലനിറുത്തി സംതുലിതാവസ്ഥ ഉണ്ടാക്കാൻ നീർത്തടാധിഷ്ഠിത വികസനം നടപ്പിൽവരുത്തണം. ഇതിനെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ ബഹുജനക്യാംപയിൻ നടത്തണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: പ്രമേയത്തെ അനുകൂലിക്കുന്നു. ആഗോളതാപനംമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ആശയ വിനിമയം ഉണ്ടാകണം. പ്ലാസ്റ്റിക് ക്യാരി ബാഗുകളും കപ്പുകളും നിരോധി ക്കണം. മാലിന്യ നിർമ്മാർജ്ജനത്തിന് നാം ഓരോരുത്തരും നമ്മുടെ വീടുക ളിൽ നിന്ന് തുടക്കമിടണം

<u>ശ്രീ. സി.പി. മുഹമ്മദ്:</u> പ്രമേയത്തെ പിന്താങ്ങുന്നു. 44 നദികളും അനേകം കായലുകളും ജലാശയങ്ങളുമുള്ള ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന പ്രകൃതി രമണീയമായ നമ്മുടെ കേരളത്തെ രക്ഷിക്കാൻ ക്രീയാത്മകമായ നടപടികളുണ്ടാകണം. മരം വച്ചുപിടിപ്പിക്കണം, തണ്ണീർത്തടങ്ങളെ സംരക്ഷിക്കണം എന്നൊക്കെ പറയുന്നുണ്ടെങ്കിലും അവ യൊന്നും നടപ്പിലാകുന്നില്ല. പുതുതായി വീട് വയ്ക്കുമ്പോൾ അവിടെ നിർബന്ധമായും മഴവെള്ള സംഭരണി ഉണ്ടാകണമെന്ന് നിർദ്ദേശിക്കേണ്ട താണ്. തോടുകളിലും നദികളിലും തടയണകൾ നിർമ്മിച്ച് മഴവെള്ളം

തടഞ്ഞുനിർത്താനുള്ള പദ്ധതികളുണ്ടാക്കണം. മഴക്കെടുതിക്കും വരൾച്ചയ്ക്കും ഫണ്ട് ആവശ്യപ്പെടുകയല്ലാതെ കേന്ദ്രം നൽകേണ്ട അർഹമായ വിഹിതം നേടിയെടുക്കുകയാണ് വേണ്ടത്. മരങ്ങൾ വച്ചുപിടിപ്പിച്ച് ആഗോളമായി വരുന്ന ആപത്തിനെ ചെറിയ തോതിലെങ്കിലും തടഞ്ഞുനിർത്താൻ കൂട്ടായി പ്രവർത്തിക്കേണ്ടതാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച പ്രമേയം സഭയുടെ നിലവാരം ഉയർത്തിയിരിക്കുകയാണ്. പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ ആക്രമണങ്ങളെപ്പറ്റി സഭയിൽ ഒരുപോലെയുള്ള അഭിപ്രായങ്ങളാണ് ഉയർന്നു വന്നത്. കേരളീയർ പ്രകൃതിയുമായി ബന്ധപ്പെട്ട, അതിന്റെ ജൈവ പാഠങ്ങളെ അനുസ്മരിച്ച് അതുൾക്കൊണ്ട് ജീവിക്കുന്നവരാണ്. പക്ഷേ ഇന്ന് അതിനൊക്കെ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥ മാറ്റത്തിന്റെ കെടുതികളെപ്പറ്റി ചിന്തിക്കുമ്പോൾ പ്രകൃതിയുടെ പരിരക്ഷയ്ക്കുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതാണ്. ഹരിത ബഡ്ജറ്റ് പ്രാവർത്തികമാക്കാൻ സാധിച്ചാൽ അതുണ്ടാക്കുന്ന മാറ്റങ്ങൾ വളരെ വലുതായിരിക്കും. കോടിക്കണക്കിന് വൃക്ഷങ്ങൾ വേണമെന്നാണ് ഹരിത ബഡ്ജറ്റ് പറഞ്ഞത്. ഓരോ വൃക്ഷവും ജൈവവായുവായ ഓക്സിജൻ തരുന്നു എന്നു മാത്രമല്ല സംഭരിക്കുന്ന ജലത്തിന്റെ അളവും വളരെ വലുതാണ്. ശുദ്ധവായു ഇല്ലെങ്കിൽ വികസനം വെറും പാഴ് വാക്കായി മാറും. ഹരിത ബഡ്ജറ്റിലെ ആശയങ്ങൾ വിജയിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് സഭയുടെ പൊതു വികാരമായി കണക്കാക്കുന്നു. വരൾച്ചയുമായി ബന്ധപ്പെട്ട് ടാങ്കറുകളിലും വഞ്ചിയിലുമൊക്കെയായി

അത്യാവശ്യം കുടിവെള്ളം എത്തിക്കുന്നതിനായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മന്ത്രിസഭ ഉൾപ്പെടെ ആലോചിച്ച് ജില്ലാ കളക്ടർമാർ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് പാലക്കാട്, മലപ്പുറം ജില്ലകൾ പൂർണ്ണമായി ഉൾപ്പെട്ട് 1020 വില്ലേജുകൾ വരൾച്ച ബാധിത വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ പൂർണ്ണ മായും വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കേണ്ട ഒരു സാഹചര്യ മാണ് വരുന്നത്. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം ആരംഭിച്ച 'മഴപ്പൊ ലിമ' പദ്ധതിക്ക് ഒരു കോടി രൂപ നൽകുകയും വളരെ വിജയകരമായി ആ പദ്ധതി മുന്നോട്ട് പോകുകയും ചെയ്യുന്നുണ്ട്. പാലക്കാട് ജില്ലയിൽ കൂടി ഇത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തടയണകൾ നിർമ്മിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ കുറച്ചുകൂടി തുക മാറ്റിവയ്ക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> ഇവിടെ അവതരിപ്പിച്ച പ്രമേയത്തോടും പ്രമേയത്തിന്റെ ഉള്ളടക്കത്തോടും സർക്കാർ പൂർണ്ണമായും യോജിക്കുകയാണ്. സംസ്ഥാനം മുമ്പൊരിക്കലും നേരിട്ടിട്ടി ല്ലാത്തവിധത്തിൽ രൂക്ഷമായ വരൾച്ചയുടെ പിടിയിൽ അമർന്നിരിക്കുകയാണ്. വരൾച്ചയെ കേരളത്തിന്റെ ഒറ്റപ്പെട്ട പ്രശ്നമായി പരിഗണിക്കുവാനോ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനോ കഴിയുകയില്ല. എന്നാൽ കേരളത്തിന്റെ ലഭ്യമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ എങ്ങനെ ഏകോപിപ്പിക്കാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ആലോചി ക്കേണ്ടതുണ്ട്. കാർഷിക വിളകൾക്ക് ബാഷ്പീകരിക്കുവാനും സ്വേദന ത്തിനും ആവശ്യമായിട്ടുള്ള ജലം തുടർച്ചയായി ലഭിക്കാതെ വരുന്ന ഒരു അവസ്ഥയാണ് വരൾച്ച. മണ്ണിന്റെ ഘടന, മണ്ണിലുള്ള ഈർപ്പത്തിന്റെ

അംശം, മഴയുടെ ലഭ്യത കുറവ്, അല്ലെങ്കിൽ മഴയുടെ കൂടുതൽ ഇതിനെയൊക്കെ അടിസ്ഥാനപ്പെടുത്തി വരൾച്ചയെ വിവിധ തരത്തിൽ തരം തിരിക്കാവുന്നതാണ്. അതിൽത്തന്നെ മൃദുലവും കഠിനവും അതികഠിനവും അതിരൂക്ഷവുമായിട്ടുള്ള വരൾച്ചയുണ്ട്. ഇപ്പോൾ കേരളം കഠിനമായ വരൾച്ചയിൽനിന്ന് അതികഠിനമായിട്ടുള്ള വരൾച്ചയിലേയ്ക്കുള്ള സംക്രമണഘട്ടത്തിലേയ്ക്കാണ് കടന്നുപോകുന്നത് എന്നാണ് പഠനങ്ങളിൽനിന്നും മനസ്സിലാകുന്നത്. ആഗോളതാപനംമൂലമുള്ള കാലാവസ്ഥ വ്യതിയാനമാണ് ഇതിന് പ്രധാന കാരണം. ആഗോളതാപനത്തിനുള്ള പ്രധാന കാരണം ഹരിതഗൃഹ പ്രഭാവം അല്ലെങ്കിൽ ഗ്രീൻ ഹൗസ് ഇഫക്ട് തന്നെയാണ്. അന്തരീക്ഷത്തിലുള്ള കാർബൺഡൈഓക്സൈഡ്, മീതൈൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോ ഫ്ളൂറോ കാർബൺ ഉൾപ്പെടെയുള്ള വാതകങ്ങളുടെ ആധിക്യം വർദ്ധിക്കുന്നതിന്റെ ഭാഗമായി ആഗിരണം ചെയ്യപ്പെടുന്ന റേഡിയന്റ് എനർജിയുടെ അളവ് ഗണ്യമായ നിലയിൽ വർദ്ധിക്കുമ്പോൾ അന്തരീക്ഷത്തിലെ ഊഷ്മാവ് വലിയ രൂപത്തിൽ വർദ്ധിക്കുന്നതിന്റെ ഫലമായുള്ള താപനം മൂലം വലിയ സാമൂഹികമായ പ്രത്യാഘാതങ്ങൾ അല്ലെങ്കിൽ കാലാവസ്ഥയിലുള്ള വ്യതിയാനം ഉൾപ്പെടെയുള്ളവ അനുഭവപ്പെടുന്നു. ഇവ അന്തരീക്ഷ താപനത്തെ വർദ്ധിപ്പിക്കുമെന്നുള്ളതിനാൽ ഇവയുടെ ആധിക്യത്തെ നിയന്ത്രിക്കത്തക്കവിധത്തിലുള്ള ബൃഹത്തായ പരിപാടികൾ വനം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നതുകാരണം കൊച്ചി കടൽത്തീരമുൾപ്പെടെ പല ദ്വീപുകളും സമുദ്രനിരപ്പിനടിയിലാകുമെന്ന് ശാസ്ത്രലോകം ഭയപ്പെടുന്നു. പർവ്വത നിരകളിലും ധ്രുവങ്ങളിലും ഉൾപ്പെടെ മഞ്ഞുരുകുന്നതുമൂലമുള്ള പ്രത്യാഘാതങ്ങളും ഭൂമിയുടെ നിലനില്പിന് ഒട്ടും ആശാവഹമല്ല. ആഗോള താപന വർദ്ധനവ് ഗുരുതരമായി

ബാധിച്ചുകൊണ്ടിരിക്കുന്നത് ഭക്ഷ്യോല്പാദന മേഖലയെയാണ്. ആഭ്യന്തര ഉല്പാദനം കുറയുന്നത് കേരളത്തെ പോലെയുള്ള സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്ക് ഗുരുതരമായിട്ടുള്ള ഭീഷണിയാണ്. ഈ അവസരത്തിൽ കാലാവസ്ഥ വ്യതിയാനത്തിന് കാരണമായിട്ടുള്ള ആഗോള താപനത്തെ പരിമിതപ്പെടുത്തുക എന്നുള്ള ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി യുള്ള പരിശ്രമത്തിലാണ് ഏർപ്പെടേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ലോക ത്താകെ നടന്നിട്ടുള്ള കോൺഫറൻസുകളിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശ ങ്ങളും അവയുടെ അന്ത:സത്തയും ഉൾക്കൊള്ളുകയും അതിന്റെ അടിസ്ഥാന ത്തിൽ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും വേണം. ഈ കാലഘട്ട ത്തിൽ പരിസ്ഥിതി സംരക്ഷണം എന്ന സന്ദേശം ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്തെ ഒരു പരിസ്ഥിതി സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ കഴിയണം. പ്രകൃതിയെ പുനരുജ്ജീവിപ്പിക്കാനും ആഗോള താപനത്തിന് വ്യക്തമായ പ്രായോഗിക സമീപനം സ്വീകരിക്കാനും കഴിയുമെന്ന് കേരളം തെളിയിച്ചിട്ടുള്ള ഒരു പ്രോജക്ടാണ് അഹാഡ്സ്. നഷ്ടപ്പെട്ടുപോയ നദികൾ അല്ലെങ്കിൽ നീരുറവകൾ പുനർജ്ജനിപ്പിക്കുന്നത് ഉൾപ്പെടെ പ്രകൃതിയിലേയ്ക്ക് അല്ലെങ്കിൽ പരിസ്ഥിതിയിലേക്ക് മടങ്ങി പോകുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഈ പ്രോജക്ട് വഴി സാധിച്ചു. നദീതട ങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും പരിരക്ഷ ഉറപ്പുവരുത്താൻ ഉതകുന്ന മാനേജ്മെന്റ് ആക്ഷൻ പ്ലാൻ ഉണ്ടാക്കണം. വരുന്ന നിയമസഭാ സമ്മേളന ത്തിൽ നദികളുടേയും തണ്ണീർത്തടങ്ങളുടേയും പരിരക്ഷ ഉറപ്പു വരുത്താൻ ഉതകുന്ന സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. കിണറുകൾക്കുചുറ്റും പിറ്റ് നിർമ്മിച്ച് റൂഫ് വാട്ടർ ഫിൽട്ടർ ചെയ്ത്

റീ-ചാർജ്ജ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് സമർപ്പിച്ചിരിക്കുകയാണ്. അതിന് അനുമതി ലഭ്യമായാൽ കേരള ത്തിലെ 90 ശതമാനം കിണറുകളെയും വരൾച്ചക്കാലത്ത് ജലദൗർലഭ്യം ഇല്ലാതെ സംരക്ഷിക്കാൻ കഴിയും. കൂടാതെ റെയിൻ വാട്ടർ ഹാർവെസ്റ്റ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക കർമ്മ പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തൊട്ടാകെ കുളങ്ങളും തോടുകളും മറ്റ് നീർത്തട ങ്ങളും പുനരുദ്ധരിക്കുന്നതിനുള്ള സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. പരിസ്ഥിതിക്ക് ആഘാതം ഇല്ലാത്ത നിലയിൽ നദികളിലും പുഴകളിലും തടയ ണകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടി വ്യാപക മായി നടപ്പാക്കണമെന്നുള്ള നിർദ്ദേശവും നിലവിലുണ്ട്. മരങ്ങൾ വച്ചുപിടി പ്പിച്ച് ഹരിതാവരണം വിപുലീകരിക്കുക, നെൽപ്പാടങ്ങൾ നികത്തുന്നത് കർശ നമായി നിരോധിക്കുക, ജല സ്രോതസ്സുകളെ മാലിന്യവിമുക്തമാക്കുക തുട ങ്ങിയ പരിപാടികളും പരിഗണനാ വിഷയങ്ങളാണ്. ഭൂജല പരിപോഷണ വുമായി ബന്ധപ്പെട്ട് ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗിന് പ്രത്യേക ഊന്നൽ കൊടുക്കേണ്ടതുണ്ട്. ഇൻഡസ്ട്രിയൽ വാട്ടർ സ്കീമിനെ സംബന്ധിച്ചും ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ്. മഴക്കുഴികൾ, റെയിൻ വാട്ടർ ഹാർവെസ്റ്റ്, താൽക്കാലിക തടയണകൾ എന്നിവ ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളേയും യോജിപ്പിച്ചുകൊണ്ട് ആക്ഷൻ പ്ളാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളുമായി മുന്നോട്ടു നീങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതികളൊക്കെ പൂർത്തിയാക്കാൻ സാധിച്ചാൽ ഈ രംഗത്ത് വമ്പിച്ച മാറ്റം സൃഷ്ടിക്കാൻ കഴിയും. ജലപ്രതി സന്ധിക്കും പരിസ്ഥിതി പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനുള്ള കൂട്ടായ്മ സൃഷ്ടിക്കാൻ ഈ ചർച്ച ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. "കാലാവസ്ഥ വ്യതിയാനവും ആഗോള താപനവും യാഥാർത്ഥ്യമാണെന്ന തിരിച്ചറിവ് പ്രകൃതിയോടും വന-ജലവിഭവങ്ങളോടുമുള്ള സമീപനത്തിൽ കാതലായ മാറ്റം അനിവാര്യമാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി കേരളത്തിന്റെ അന്തരീക്ഷത്തിലും മണ്ണിലും ജലത്തിലും കണ്ടുതുടങ്ങിയിട്ടുള്ള മാറ്റങ്ങൾ പുതിയ ഒരു പാരിസ്ഥിതികാവബോധത്തിലേയ്ക്കും സമുചിതമായ കർമ്മ പരിപാടികളിലേയ്ക്കും നമ്മെ നയിക്കേണ്ട സമയം ആസന്നമായിക്കഴിഞ്ഞു. ജലസ്രോതസ്സുകൾ പരിരക്ഷിക്കുകയെന്ന ദൗത്യം നിശ്ചയദാർഢ്യത്തോടെ നാം ഏറ്റെടുത്തേ മതിയാകൂ. ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള 'ജലസുരക്ഷ' പദ്ധതി വിപുലപ്പെടുത്താനും ജലസംരക്ഷണ പ്രക്രിയയിൽ ജനങ്ങളെ മുഴുവൻ സജീവ പങ്കാളികളാക്കാനും, ജലസ്രോതസ്സുകൾക്ക് ഭീഷണിയാകുന്ന പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്താൻ ഒറ്റക്കെട്ടായി പ്രവർത്തിക്കാനും കോടിക്കണക്കിന് വൃക്ഷങ്ങൾ നട്ടു വളർത്തുന്നതിനുള്ള ഹരിത കേരളം പദ്ധതി വിജയിപ്പിക്കാനും മലിനീകരണവും ഊർജ്ജ ദുർവിനിയോഗവും ഒഴിവാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ച പരിഗണിച്ച് പ്രത്യേക വരൾച്ച ധനസഹായം ലഭ്യമാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടികൾ സ്വീകരിക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നീർത്തടാധിഷ്ഠിത മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്നും ഈ സഭ ആവശ്യപ്പെടുന്നു"

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

**നിയമനിർമ്മാണ കാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണെ മെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ) : നിലവി ലുള്ള കേരള സഹകരണ നിയമത്തിൽ അടങ്ങുന്ന 110 സെക്ഷനുകളിൽ 39 സെക്ഷനുകൾക്കാണ് സമഗ്രമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ പാസ്സാക്കുന്നതോടുകൂടി സഹകരണ പ്രസ്ഥാനത്തിന് വൻതോതിലുള്ള സംരക്ഷണവും സാമൂഹ്യമായ പിന്തുണയും ദേശീയ തലത്തിൽതന്നെ ഔന്നത്യവും ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. വനിതാ സംവരണം ഏറ്റവുംകൂടുതൽ വരുന്നത് സഹകരണസ്ഥാപനങ്ങളിലാണ്. നിലവിലുള്ള ലാഭവിഹിതത്തിൽ 25 ശതമാനം നൽകുന്ന ഏർപ്പാട്, ഗഹാൻ സംപ്രദായം, ഡവലപ്മെന്റ് റിസ്ക് ഫണ്ട്, ഡിപ്പോസിറ്റ് ഗാരന്റി സ്കീം, അഴിമതി തടയുന്ന തിനുള്ള കോ-ഓപ്പറേറ്റീവ് പോലീസ് വിജിലൻസ്, ഓംബുഡ്സ്മാൻ,

സഹകരണ മാർക്കറ്റുകൾ, വികലാംഗ സംവരണം, നിയമനത്തിൽ സംവരണ വ്യവസ്ഥ, നിക്ഷേപക പ്രൊഫഷണലിസം, സഹകരണ സംഘങ്ങളിലെ ഇലക്ഷൻ എന്നിവ സഹകരണ പ്രസ്ഥാനങ്ങളിൽ മാത്രമേയുള്ളു. പൂർണ്ണമായും ജനാധിപത്യവൽക്കരിക്കപ്പെട്ട സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുകയെന്നുള്ളതാണ് ഈ നിയമനിർമ്മാണംകൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ വിജയമെന്നു പറയുന്നത് ഓരോ അംഗത്തിന്റേയും കഠിനാധ്വാനത്തിന്റെയും ത്യാഗത്തിന്റെയും സേവന സന്നദ്ധതയുടേയും പരിണതഫലമാണ്. സഹകരണ നിയമത്തിന്റെ 27-ാം വകുപ്പിൽ സഹകരണ സംഘങ്ങളുടെ പരമാധികാരം അംഗങ്ങളുടെ പൊതുയോഗത്തിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. സംഘത്തിന്റെ പൊതുയോഗത്തിലോ കമ്മിറ്റിയിലോ പങ്കെടുക്കുന്ന രജിസ്ട്രാർക്ക് യോഗം ക്രമീകരിക്കുന്നതിലും നിയന്ത്രിക്കുന്നതിലും അധികാരം നൽകുന്നത് സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വത്തിന് എതിരാണ്. രജിസ്ട്രാർ എന്ന ഉദ്യോഗസ്ഥൻ ജനാധിപത്യ ഭരണ സമിതിയുടെ പരമാധികാരിയാകുന്നത് ശരിയല്ല. അഡ്മിനിസ്ട്രേറ്ററെ ഉപയോഗപ്പെടുത്തി ഗവൺമെന്റിന് തോന്നുന്നവിധം സഹകരണ സ്ഥാപനത്തിൽ പ്രവർത്തിക്കാമെന്ന അവസ്ഥ ഉണ്ടാക്കരുത്. ജനങ്ങളെ ബാധിക്കുന്ന സുപ്രധാനമായ സഹകരണനിയമത്തിൽ ജനാധിപത്യപരമായ രീതിയിലുള്ള സുതാര്യത ഉണ്ടാകണം. കർഷക ജനതയെ രക്ഷിക്കാനായി കൊണ്ടുവന്നതാണ് ഈ നിയമം. സഹകരണ മേഖലയിലെ പൊതുനിക്ഷേപം വർദ്ധിച്ചത് ജനാധിപത്യ സംവിധാനത്തിന്റെ സുതാര്യതയാണ് വ്യക്തമാക്കുന്നത്. സഹകരണ പ്രസ്ഥാനത്തിൽ ഒരു അഡ്മിനിസ്ട്രേറ്റർ ഭരണം ഏറ്റെടുക്കുന്നത് അപമാനകരമാണ്. സഹകരണ മേഖലയിൽ നില

നിൽക്കുന്ന ജനാധിപത്യ സ്വയംഭരണാധികാരത്തെ തകർക്കാൻ ഗവൺമെന്റ് കൂട്ടുനിൽക്കരുത്. സഹകരണ രംഗം ജനാധിപത്യ സ്വഭാവത്തിൽ നിന്ന് പുറകോട്ടു പോകുന്നത് കേരളത്തിന് അപമാനകരമാണ്. ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിനുപകരം ഗവൺമെന്റിൽ നിക്ഷപ്തമാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമാധികാരം പുന:സ്ഥാപിച്ച് കിട്ടണം. സഹകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെട്ട് പോകുന്ന സാഹചര്യം ഉണ്ടാകരുത്. സഹകരണ സമിതിക്ക് സ്വയം ഭരണാധികാരം ഉണ്ടായിരിക്കണം. സഹകരണ പ്രസ്ഥാനങ്ങളെ നിലനിർത്തുന്നതിന് രാഷ്ട്രീയ അതിപ്രസരം മാറ്റിവച്ച് പ്രൊഫഷണലിസത്തിന്റെ രീതി കൊണ്ടുവരണം ധനകാര്യ സ്ഥാപനങ്ങളുടെ മൽസരലോകത്ത് സഹകരണ സംഘങ്ങൾക്ക് പിടിച്ചുനിൽക്കണമെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ പ്രൊഫഷണലിസത്തിന്റെ പാതയിൽ കൊണ്ടുവരണം. ഓഡിറ്റുകൾ റിസർവ്വ് ബാങ്കിന്റെ അനുമതിയുള്ള ബാങ്കുകളിൽ മാത്രമേ ഇപ്പോൾ കൃത്യമായി നടക്കുന്നൂള്ളൂ. സഹകരണ മേഖലയിലും കൃത്യമായ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കണം. ഈ രംഗത്ത് ഓഡിറ്റ് ഏകീകരണത്തിനുള്ള സോഫ്റ്റ് വെയർ ഡെവലപ് ചെയ്യാനുളള സംവിധാനം ഉണ്ടാക്കണം. ന്യൂ ജനറേഷൻ ബാങ്കുകളുടെ കുതിച്ചു കയറ്റം പിടിച്ചു നിർത്തുന്നതിന് സഹകരണ പ്രസ്ഥാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സഹകരണ പ്രസ്ഥാനങ്ങളെ നിലനിർത്തികൊണ്ടുപോകാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. മാറി മാറി വരുന്ന സർക്കാരുകളുടെ കയ്യിലെ ചട്ടുകമായി സഹകരണ പ്രസ്ഥാനം മാറുന്ന അവസ്ഥ ഒഴിവാക്കണം. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽനിന്ന് ഒരാളെപ്പോലും അംഗമായി എടുക്കാതെ 3 പേരെ നോമിനേറ്റ് ചെയ്തുകൊണ്ടുള്ള ഒരു കമ്മിറ്റിക്ക്

സഹകരണ പ്രസ്ഥാനത്തെ ഭരിക്കാം എന്ന വ്യവസ്ഥയിലൂടെ ഒരു പാരലൽ ഭരണ സമിതി ഉണ്ടാക്കാൻ അധികാരം നൽകുന്ന അപകടകരമായ അവസ്ഥ യാണ് സംജാതമാകുന്നത്. പതിനായിരം രൂപ നിക്ഷേപമുള്ള അംഗങ്ങളിൽ നിന്ന് ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കണമെന്ന വ്യവസ്ഥ അപ്രായോഗിക മാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ  കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം  നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഭേദഗതി ബില്ലിനെ സ്വാഗതം ചെയ്യുന്നു. സമൂഹത്തിൽ വന്നിരിക്കുന്ന മാറ്റത്തിനനുസൃതമായി സഹകരണ മേഖലയെ പ്രാപ്തമാക്കുക എന്നതാണ് 9-ാം ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അംഗങ്ങളുടെ മാത്രമല്ല പൊതുജനങ്ങളുടെ താല്പര്യം കൂടികണക്കിലെടു ത്താണ് വിദ്യാഭ്യാസ മേഖലയ്ക്കും പൊതുവിതരണമേഖലയ്ക്കും  വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നല്ലരീതിയിൽ നടക്കുന്നത് കേരളത്തിലാണ്. സഹകരണ സംഘത്തിൽ ഭരണ സമിതി അംഗങ്ങൾ കറപ്ക്ഷൻ നടത്തിയെന്ന് ബോധ്യമായാൽ ആ കമ്മിറ്റിയെ പിരിച്ചുവിട്ട് താത്കാലിക അഡ്ജസ്റ്റ്മെന്റ് എന്ന നിലയിൽ അഡ്മിനിസ്ട്രേറ്ററേയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ നിയമിക്കുകയും ഒരു വർഷത്തിനിടയിൽ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യും.  ഇത് അധികാരം പിടിച്ചെടുക്കലോ സഹകാരികളുടെ താല്പര്യങ്ങൾ നിഷേധിക്കലോ അല്ല. തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ ആർജ്ജവം കാണിക്കുന്നവരാണ് കേരളത്തിലെ

സഹകാരികൾ. ബോർഡിലെ വനിതാ പ്രാതിനിധ്യം രണ്ട് എന്നത് മൂന്നാക്കി വർദ്ധിപ്പിക്കണം. തെരഞ്ഞെടുപ്പ് സത്യസന്ധമായി നടത്തുന്നതിനാണ് തെരഞ്ഞെടുപ്പ് കമ്മീഷനെ നിയോഗിക്കുന്നത്. ബോർഡിൽ വികലാംഗർക്ക് സംവരണം നൽകുന്നുണ്ട്, നിക്ഷേപകർക്കും പ്രാതിനിധ്യമുണ്ട്. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. പണം തിരിമറി നടത്തുന്നവർക്ക് ജയിൽശിക്ഷ ഈ നിയമത്തിൽ ഉറപ്പുവരുത്തുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിറുത്തുന്നതിൽ സഹകരണ പ്രസ്ഥാനങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ വായ്പാനടപടികളിൽ അപാകതകൾ ഉണ്ടെങ്കിൽ അത് തിരുത്താനുള്ള അധികാരം ഈ നിയമത്തിലൂടെ സർക്കാരിന് നൽകുകയാണ്. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വ്യക്തികൾക്കോ കർഷകർക്കോ മതിയായ ജാമ്യത്തിന്മേൽ മാത്രം വായ്പ നൽകാൻ നടപടി വേണം. സാമൂഹ്യ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിലെ പണം വായ്പയായി കൊടക്കുമ്പോൾ തിരിച്ചടവ് ഉണ്ടാകുമോ എന്നന്വേഷിക്കേണ്ട ഉത്തരവാദിത്വം വേണം. സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ലഭിക്കുന്ന നിക്ഷേപങ്ങൾ ആവശ്യമുള്ളവർക്ക് വായ്പയായി നൽകിയതിനുശേഷമുള്ള സർപ്ലസ് ഫണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്കും ഒപ്പം വിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയ ജനോപകാരപ്രദമായ മേഖലകളിലേയ്ക്കും മുടക്കാൻ തയ്യാറാകണം. അസംഘടിത തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി പുതിയ കർമ്മ പദ്ധതികൾക്കായി ഈ പണം വിനിയോഗിക്കാവുന്നതാണ്. സഹകരണ മേഖലയിലെ പണമുപയോഗിച്ചുള്ള

പ്രോജക്ടുകൾ മഹാഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം ഉണ്ടാക്കേണ്ടത്. ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനങ്ങളോടുള്ള വിശ്വാസമാണ് സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം വർദ്ധിക്കാനുള്ള കാരണം. വിജിലൻസ് സെൽ രൂപികരിക്കാനുള്ള ഭേദഗതി സഹകരണമേഖലയെ സംരക്ഷിക്കാൻ സഹായമാകുന്നതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 9-ാം വകുപ്പിന്റെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നത് രജിസ്ട്രാർക്കും ഗവൺമെന്റിനും കൂടുതൽ അധികാരം നൽകുന്നതിനെ സംബന്ധിച്ചാണ്. ഇത് ജനാധിപത്യ അവകാശങ്ങളെ ഹനിക്കുന്നതായതിനാൽ അത് ഡിലീറ്റ് ചെയ്യണം. പ്രസ്തുത പ്രൊവൈസോ ഇല്ലാതെ തന്നെ സഹകരണസംഘങ്ങളിൽ എന്തെങ്കിലും ക്രമക്കേടുകൾ കാണിച്ചാൽ അന്വേഷണം നടത്താനുള്ള പ്രൊവിഷനുണ്ട്. 1969-ലെ ആക്ടിൽപ്പോലും കൂടുതൽ ജനാധിപത്യവൽക്കരണത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രൊവിഷൻ കൊണ്ടുവന്നിരിക്കുന്നത് ശരിയല്ല. പല സംസ്ഥാനങ്ങളിലും സ്വാശ്രയ സഹകരണ സംഘങ്ങൾപോലും പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇതുപോലെയുള്ള നിയമനിർമ്മാണത്തിന് പ്രസക്തിയില്ലാതാവുകയാണ്. പ്രിൻസിപ്പൽ ആക്ടിലെ സെക്ഷൻ 28-ൽ പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ കമ്മിറ്റിയുടെ അംഗസംഖ്യ 13

ആയിരിക്കും എന്നുപറഞ്ഞിരിക്കുന്നത് നിലനിൽക്കാൻ ബുദ്ധിമുട്ടായതു കൊണ്ട് അത് മാറ്റണം. കാരണം കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിൽ അത് 21 വരെയാകാം എന്നാണ് പറഞ്ഞിരിക്കുന്നത്. അത് പാർലമെന്റ് പാസ്സാക്കി യാൽ ഈ നിയമം നിലനിൽക്കുകയില്ല. വനിതകളുടെ പ്രാതിനിധ്യം വർദ്ധി പ്പിച്ചതും ഡെപ്പോസിറ്റ് സ്വീകരിക്കുന്നത് സംബന്ധിച്ച് കൊണ്ടുവന്ന ഭേദ ഗതിയും സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടകവർഗ്ഗക്കാരേയും വനിതക ളേയും നോമിനേറ്റ് ചെയ്യാനുള്ള അധികാരം ഗവൺമെന്റിന് നൽകേണ്ട ആവശ്യമില്ല. കോ-ഓപ്റ്റ് ചെയ്യാനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട വർക്കുണ്ട്. ആ അധികാരം അവർക്ക് നൽകിയാൽ മതി. സെക്ഷൻ 28 (എഎ) യിൽ പ്രൊഫഷണൽസിന്റെ ക്വാളിഫിക്കേഷനെപ്പറ്റി പറയുന്നിടത്ത് എം.ബി.എ. പറയുന്നുണ്ട്. അങ്ങനെ ഒരു ഡിഗ്രി പ്രിസ്ക്രൈബ് ചെയ്യാൻ പാടില്ല. ബാങ്കിംഗിൽ എക്സ്പേർട്ടായിട്ടുള്ള ആളുകളെയാണ് നിയമിക്കേ ണ്ടത്. സെക്ഷൻ 32-ലും 33-ലും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലെ അംഗ ങ്ങളെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അതിൽ പുറത്തുനിന്ന് ആളുകളെ കൊണ്ടുവരണമെന്ന വ്യവസ്ഥ അംഗീകരിക്കാവുന്നതല്ല. സെക്ഷൻ 66 (എ) അനുസരിച്ച് രജിസ്ട്രാർക്ക് പൊതുവായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം നൽകുന്നത് ശരിയല്ല. റൂറൽ എക്കോണമിയെ പിടിച്ചു നിർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമായ സഹകരണ പ്രസ്ഥാനത്തേയും ക്രെഡിറ്റ് മേഖലയേയും നിലനിർത്താൻ സാധിക്കണം. സഹകരണ സംഘ ങ്ങളിൽനിന്ന് ലോൺ കൊടുക്കുകയും അത് കിട്ടാക്കടമായി മാറുകയും ചെയ്യുന്ന സാഹചര്യമുണ്ടാക്കാതെ ഡെപ്പോസിറ്റിനെ ന്യായമായി ഉപയോഗി ക്കാനുള്ള മാർഗ്ഗം കണ്ടെത്തണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണസംഘം രജിസ്ട്രാറുടെ അധികാരങ്ങൾ സ്ഥിരീകരിച്ച് കൊടുത്തില്ലെങ്കിൽ സഹകരണ പ്രസ്ഥാനം ദുർബലപ്പെടും. രജിസ്ട്രാറുടെ അധികാരങ്ങൾ ഒന്ന് ക്രോഡീകരിക്കുകയല്ലാതെ കൂടുതൽ അധികാരങ്ങളൊന്നും കൊടുത്തിട്ടില്ല. ഡെപ്പോസിറ്റുകളുടെ തിരിമറിയെ സംബന്ധിച്ചും വായ്പ തിരിച്ചടയ്ക്കാത്തതിനെ സംബന്ധിച്ചുമുള്ള ധാരാളം കേസ്സുകൾ ഉണ്ടാകുന്നുണ്ട്. അതിലൊന്നും നേരിട്ട് ഗവൺമെന്റിന് ഇടപെടാൻ സാധിക്കുന്നില്ല. എന്നാൽ ഉത്തരവാദിത്വം ഗവൺമെന്റിൽ നിക്ഷിപ്തവുമാണ്. അതുകൊണ്ടാണ് ക്വാസി ജുഡീഷ്യൽ പോസ്റ്റായ സഹകരണ രജിസ്ട്രാർക്ക് ആവശ്യമായ റഗുലേറ്ററി അധികാരങ്ങൾ നൽകിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഭരണഘടന ഭേദഗതി നിയമം പാസ്സാക്കിയാൽ അതിനനുസരിച്ച് സംസ്ഥാനങ്ങളും നിയമം പാസ്സാക്കേണ്ടി വരും. ഭരണഘടന ഭേദഗതി നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്ന ഭൂരിപക്ഷം നിർദ്ദേശങ്ങളും കേരളത്തിൽ നിലവിലുള്ള സഹകരണ നിയമത്തിലുള്ളവയാണ്. തൽക്കാലം ഈ നിയമം പാസ്സാക്കുന്നതിന് യാതൊരു പ്രശ്നവുമില്ല. സഹകരണ സംഘം കമ്മിറ്റി അംഗങ്ങൾ 7 മുതൽ 13 വരെ ആകാമെന്നും അതിൽ 3 വനിതാംഗങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളതുമാണ് മറ്റൊരു ഭേദഗതി. ഒരു പഞ്ചായത്തിൽത്തന്നെ ആറും ഏഴും സംഘം ഉണ്ടാകും. അങ്ങനെ വരുമ്പോൾ സ്ത്രീകളുടെ പ്രാതിനിധ്യം ഏകദേശം 40 ശതമാനം എത്തിക്കാൻ കഴിയും. അതുകൊണ്ട് ഈ നിയമം പാസ്സാക്കുന്നതിൽ യാതൊരപാകതയും ഉണ്ടാകുകയില്ല. തിരുവനന്തപുരത്തെ ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന് 27 കോടി രൂപയും കൊല്ലത്തെ ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന് 100

കോടി രൂപയും വായ്പ അനുവദിക്കുകയും 7 കോടി രൂപ ബാങ്ക് ഗ്യാരന്റി നൽകുകയും ചെയ്ത നടപടി ചട്ടവിരുദ്ധമാണെന്ന ആരോപണം പരിശോധിക്കുകയും വായ്പ നൽകേണ്ടതില്ലെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലത്തെ സ്ഥാപനത്തിന് മറ്റ് ബാങ്കിൽ 53.5 കോടി രൂപയുടെ വായ്പയുണ്ട്. മറ്റൊരു ബാങ്കിന്റെ വായ്പ സഹകരണ ബാങ്ക് ഏറ്റെടുക്കുന്നതിന് സർക്കാർ എതിരാണ്. മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം പൊതുജനങ്ങളുടെ പണമെടുത്ത് നികത്തുന്നതിനെ അംഗീകരിക്കാനാവില്ല. സഹകരണ സംഘങ്ങളുടെ പണം കവർന്നെടുത്താൽ മൂന്നുവർഷം തടവ് ലഭിക്കുന്ന തരത്തിലാണ് ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. കവർന്നതിന്റെ ഇരട്ടിത്തുക ഈടാക്കകയും ചെയ്യും. സഹകരണ മേഖലയിലെ നിക്ഷേപം മാർച്ച് കഴിയുമ്പോൾ 60,000 കോടി രൂപ കവിയുമെന്നാണ് കണക്കാക്കുന്നത്. കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം 600 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. സഹകരണമേഖലയുടെ കീഴിൽ 15 പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞു. ഡെപ്പോസിറ്റ് എങ്ങനെ പ്രയോജനപ്പെടുത്തണമെന്നുള്ളത് പ്രധാനമാണ്. ഗവൺമെന്റുതന്നെ കൂടുതൽ ലോൺ അനുവദിച്ച് സഹകരണ മേഖലയെ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. റിസർവേഷൻ കാൻഡിഡേറ്റ് ആയി സ്ത്രീയോ എസ്.സി./എസ്.ടി.യിലുള്ള ആളോ മത്സരിക്കാനില്ലെങ്കിൽ അവിടെ നിയമപ്രകാരം നോമിനേഷൻ വേണം. പബ്ലിക് സെക്ടറിൽ വികലാംഗരിൽ നിന്നും മിനിമം ഒരാളെ നിയമിക്കുന്നതാണ്. ബില്ലിൽ നിയമപരമായി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ റൂൾ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്ന

താണ്. ഒരു കൺവീനറെ വച്ചു എന്നുള്ളതല്ലാതെ പുതുതായി യാതൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. സംഘങ്ങളിലെ നിയമനം സംബന്ധിച്ച് പരാതി വന്നാൽ അന്വേഷിക്കും. വളരെ ഫ്ളക്സിബിളായിട്ടുള്ള നിയമമാണ്. തെറ്റുണ്ടെങ്കിൽ ഏതുസമയത്തും മാറ്റാം. കുടിശ്ശിക നിവാരണത്തിനായി 600 കോടി രൂപ കൊടുത്തതിനുപുറമേ എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നതാണ്. നാളികേര-കൊപ്രാ സംഭരണവും നെല്ല് സംഭരണവും സുഗമമായി നടക്കുന്നുണ്ട്. 4,000 കോടി രൂപ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുവേണ്ടി കൊടുത്തു. ഇത് പൊളിറ്റിക്കൽ ഇംപ്ലിക്കേഷൻ ഉള്ള ബില്ലല്ല. ഈ ബില്ല് ഐകകണ്ഠ്യേന പാസ്സാക്കിത്തരണം.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>3-ാം വകുപ്പ്</u>

104, 105, 106, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>5-ാം വകുപ്പ്</u>

120, 121, 125, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

128. 1(a) In clause 6, after sub-clause (i) and before sub-section (1A) of section 28 proposed to be inserted, the following sub-clause (ii) shall be inserted namely :-

"(ii) for sub-section (1 A) the following shall be substituted namely :-"

(b) In sub-section (1A) of section 28 proposed to be inserted, for the words "member of the members", the words "number of the members" shall be substituted.

129, 135, 137, 139, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

149. In sub-section (1) of section 28A of the principal Act, proposed to be amended by sub-clause (i) of clause 7, for the words "two of the total seats" the words "three of the total seats" shall be substituted.

150, 154, 155 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

156. In the Explanation (ii) of section 28 AA proposed to be inserted in the principal Act by clause 8, in the third line, for the words “Member of ’ the words “membership in the” shall be substituted.

159-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

10-ാം വകുപ്പ്

168, 169, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

11-ാം വകുപ്പ്

175-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

13-ാം വകുപ്പ്

179-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

14-ാം വകുപ്പ്

183-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

15-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

184. In section 56 of the principal Act, proposed to be inserted by clause 15, after sub-clause (iv) the following sub-clause shall be inserted, namely:-

“(v) after sub-section (2) the following sub-section shall be inserted namely:-

“(3) Notwithstanding anything contained in section 18 of this Act, in the case of District Co-operative Banks the term ‘member’ shall

include nominal and associate members, for the purpose of clause (a) of sub-section (2)".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>17-ാം വകുപ്പ്</u>

185-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

185-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

185. In section 57 D(1) proposed to be inserted in the principal Act by clause 17 substitute the words "Risk Fund Scheme" with the words "Co-operative Risk Fund Scheme".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>22-ാം വകുപ്പ്</u>

189-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>26-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

193. In section 74C proposed to be inserted by clause 26, after the words "the power of inspecting officers" the word "and" shall be deleted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>27-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

194. In sub-section (3AA) of section 80 proposed to be inserted by sub-clause (ii) of clause 27 after the words "Notwithstanding anything contained in this" the words "Act" shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 14-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2010-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മനുഷ്യരുടെ ഉപഭോഗത്തിനായുള്ള മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന

റെക്ടിഫൈഡ് സ്പിരിറ്റ് അല്ലെങ്കിൽ അബ്സല്യൂട്ട് ആൽക്കഹോൾ ഉൾപ്പെടെയുള്ള എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്മേൽ ഇറക്കുമതി ഫീസ് ചുമത്തുവാൻ പാടുള്ളതല്ല എന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. സി.ആന്റ്.എ.ജി. യുടെ 2007-ലെ റിപ്പോർട്ടിലും വളരെ വ്യക്തമായി ഇക്കാര്യം പറയുന്നുണ്ട്. എ.ജി.യുടെ ടെസ്റ്റ് ആഡിറ്റിൽ വന്ന കണക്കുപ്രകാരം 124.82 കോടി രൂപയാണ് 2007-വരെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടത്. സർക്കാരിന് കിട്ടേണ്ട ഏകദേശം 300 കോടിയോളം രൂപയാണ് ഈ പ്രൊവൈസോ കൊണ്ടുവരുന്നതിന്റെ ഫലമായി ചേർത്തലയിലെ മാക്ഡവൽ പോലുള്ള കമ്പനികൾക്ക് കിട്ടാൻ പോകുന്നത്. ഹൈക്കോടതിയുടെ മുമ്പിലുള്ള വിഷയ ത്തിന്മേൽ നിയമനിർമ്മാണം നടത്തുന്നത് ഭരണഘടന വിരുദ്ധമാണ്. രാജ്യത്തെ കോടീശ്വരൻമാരായിട്ടുള്ള കമ്പനികളെ സഹായിക്കാൻ വേണ്ടിയാണ് സംസ്ഥാന സർക്കാർ ഈ ഭേദഗതി നിയമം കൊണ്ടുവന്നത്. അതുകൊണ്ട് ഇതിനെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. കെ. ബാബു</u> :വിയോജിപ്പ് രേഖപ്പെടുത്തുന്നു. അബ്കാരിയുമായി ബന്ധപ്പെട്ട ഒരു കേസ് കോടതിയുടെ പരിഗണനയിലിരിക്കെ ഇത്ര തിരക്കു പിടിച്ച് നിയമഭേദഗതി കൊണ്ടുവരാനുള്ള സാഹചര്യത്തെ സംബന്ധിച്ച് മന്ത്രി പുനഃപ്പരിശോധന നടത്തണം. കേരളത്തിലെ ഡിസ്റ്റിലറി മുതലാളിമാർക്ക് കോടിക്കണക്കിന് രൂപയുടെ ലാഭം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് റെക്ടിഫൈഡ് സ്പിരിറ്റിന് ഇറക്കുമതി ഫീസ് ചുമത്തുകയും ഈടാക്കു കയും ചെയ്യുന്നതിൽനിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. 18 വയസ്സിനു താഴെ മദ്യം ഉപയോഗിക്കുന്ന കുട്ടികൾക്കും അവർക്ക് മദ്യം വിളമ്പുന്നവർക്കും ഒരേതരത്തിലുള്ള ശിക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്

ന്യായീകരിക്കത്തക്കതല്ലാത്തതിനാൽ തിരിച്ചറിവില്ലാത്ത പ്രായത്തിലെ മദ്യ ഉപയോഗത്തിന് ഏർപ്പെടുത്തിയിരിക്കുന്ന ശിക്ഷയിൽ ഇളവു വരുത്തണം. ടൂറിസം പ്രൊമോഷന്റെ പേരിൽ ബിയറിന് 10 ശതമാനം ടാക്സ് കുറച്ചതിന്റെ ഗുണഫലം ഉപഭോക്താവിന് നൽകാതെ ബിയർ കമ്പനികൾക്ക് നൽകുന്ന തിനുപിന്നിലുള്ള ലക്ഷ്യമെന്താണെന്ന് വ്യക്തമാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മദ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന തിലുപരി മദ്യഷാപ്പുകളുടെ എണ്ണത്തിലും മദ്യവില്പനയുടെയും മദ്യപാനത്തി ന്റെയും കാര്യത്തിലും ക്രമാതീതമായ വർദ്ധനവാണ് വന്നിട്ടുള്ളത്. മദ്യപാനം കുറയ്ക്കുന്നതിന് ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചി ട്ടില്ല. ത്രീ സ്റ്റാർ ആന്റ് എബൗ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതുമൂലം എല്ലായിടത്തും മദ്യം സുലഭമായി ലഭിക്കുകയും തന്മൂലം മദ്യപാനം വർദ്ധി ക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ബാർ ലൈസൻസിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. തെങ്ങ് ചെത്ത് നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് അനുവദിക്കണമെ ന്നുള്ള അട്ടപ്പാടി മേഖലയിലെ ജനങ്ങളുടെ ആവശ്യത്തിന്മേൽ അനുഭാവ പൂർവ്വമായ സമീപനം സ്വീകരിക്കണം. ചാരായ നിരോധനത്തെ പരാജയപ്പെടു ത്താനുള്ള ശ്രമമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗ ത്തുനിന്നും ഉണ്ടായിട്ടുള്ളത്. മദ്യവ്യാപനത്തിനുള്ള അവസരം പരമാവധി കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കണം. മദ്യത്തിനെതിരായിട്ടുള്ള പ്രചരണത്തിന് തുക നീക്കിവയ്ക്കുകയും അതേസമയം മദ്യവില്പന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. കള്ളച്ചാരായ ഉല്പാദനത്തിനെതിരായി ജനങ്ങളെ ബോധ വത്ക്കരിക്കാനും ജനപങ്കാളിത്തത്തോടുകൂടി എക്സൈസ് ഡിപ്പാർട്ട്മെന്റിനെ

ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം. മദ്യ മാഫിയകളുടെ വളർച്ച സംബന്ധിച്ച് ഗവൺമെന്റ് പരിശോധന നടത്തണം. മദ്യ വ്യാപനം തടയാൻ നടപടി സ്വീകരിക്കണം. മദ്യവ്യാപനത്തിന്റെ ഫലമായി ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തണം. ഈ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ സാധിക്കണം. വരുമാനം ലക്ഷ്യമാക്കിക്കൊണ്ടുള്ള മദ്യനയം തിരുത്തണം.

ശ്രീ. വി.ഡി. സതീശൻ: ആറാം വകുപ്പിന്റെ ഭേദഗതിയിലുള്ള പ്രൊവൈസോയിൽ റെക്ടിഫൈഡ് സ്പിരിറ്റ് അല്ലെങ്കിൽ എക്സ്ട്രാ നാച്ചുറൽ ആൽക്കഹോളിന്റെ ഇറക്കുമതി ഫീസ് ഒഴിവാക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിന്മേലുള്ള വിയോജിപ്പ് പ്രകടിപ്പിക്കുകയാണ്. 56-ാം വകുപ്പിലെ പീനൽ പ്രൊവിഷനിൽ ലൈസൻസി കാണിക്കുന്ന മിസ്കണ്ടക്ട് മൈനർ ഒഫൻസ് ആണ്. അതിന് പിഴ 25000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. എന്നാൽ സർക്കാർ കള്ളുഷാപ്പുകൾ ഗ്രൂപ്പുക ളാക്കി നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഒരു ഷാപ്പിൽ വളരെ ചെറിയ ഒഫൻസിന് രണ്ട് ലക്ഷം രൂപവരെ ഫൈൻ ആയി കൊടുക്കേണ്ട സ്ഥിതി വരുന്നുണ്ട്. ചെയ്യുന്ന കുറ്റത്തിന് ആനുപാതി കമായ പണിഷ്മെന്റ് മാത്രമേ കൊടുക്കാൻ പാടുള്ളു. ഒരു ലൈസൻസിയിൽനിന്നും 25000 രൂപ പിഴ ഈടാക്കാതെ ഒരു ക്രൈമിന് മാത്ര മായി ആ തുക ഈടാക്കുന്ന വിധത്തിലുള്ള ഓറൽ അമെന്റുമെന്റിലൂടെ ഇത് തിരുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന റെക്ടിഫൈഡ് സ്പിരിറ്റ് ഉൾപ്പെടെയുള്ള എക്സ്ട്രാ

ന്യൂട്രൽ ആൽക്കഹോളിന്മേൽ ഇറക്കുമതി ഫീസ് ചുമത്താൻ പാടില്ല. മദ്യ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനാണ് ഈ ഭേദഗതിയിലൂടെ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഭേദഗതി ബില്ലിലെ 3 (12) സി-യിൽ വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാകുന്നില്ല. .മദ്യവർജ്ജനവും മദ്യവ്യാപനം തടയലുമാണ് വേണ്ടത്. ചാരായം നിരോധിച്ച തിന്റെ പേരിൽ സംസ്ഥാനത്ത് വാഹാനാപകടങ്ങൾ കുറയുകയും അക്രമ ങ്ങൾ കുറയുകയും ചെയ്തതായി രേഖകളുണ്ട്. മദ്യപാനം മൂലം ആരോഗ്യം തകരുകയും കുടുംബബന്ധങ്ങൾ ശിഥിലമാവുകയും ചെയ്യും. എല്ലാ മതങ്ങളും പറയുന്നത് മദ്യപാനം നിഷിദ്ധമാണെന്നാണ്. ഒരു രാഷ്ട്രീയ പ്രസ്ഥാനവും മദ്യപാനത്തെ പ്രോൽസാഹിപ്പിക്കുന്നില്ല. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവന്ന് മദ്യപാനം ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് ഡബ്ലിയു.എച്ച്.ഒ. പറയുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം ലക്ഷ്യമാക്കിക്കൊണ്ടുള്ള വികസനമാണ് സർക്കാർ വിഭാവനം ചെയ്യേണ്ടത്. കൊലപാതകങ്ങൾ, മാനസിക രോഗങ്ങൾ, ആക്രമണങ്ങൾ, ആത്മഹത്യകൾ, വാഹനാപകടങ്ങൾ, വർഗ്ഗീയ ലഹളകൾ തുടങ്ങി സമൂഹത്തിലാകെ നാശം വിതയ്ക്കുന്ന മദ്യം സംസ്ഥാനത്ത് ഘട്ടംഘട്ടമായി നിരോധിക്കണം. മദ്യഷാപ്പു കൾക്കും ബാറുകൾക്കും യാതൊരു നിയന്ത്രണവിമില്ലാതെ ലൈസൻസ് നൽകരുത്.

<u>ശ്രീ. വി.എൻ. വാസവൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2010-ലെ അബ്കാരി (ഭേദഗതി) ബില്ലിന്റെ ഷെഡ്യൂളിൽ മദ്യം കഴിക്കുന്ന പതിനെട്ട് വയസ്സിന് താഴെപ്രായമുള്ള കുട്ടികൾക്കും അവർക്ക് മദ്യം ഒഴിച്ചു കൊടുക്കുന്നയാൾക്കുമുള്ള ശിക്ഷ അയ്യായിരം രൂപ എന്ന് നിഷ്ക്കർഷിക്കുമ്പോൾ 55 (ഡി) അനുസരിച്ച് ഒഴിച്ചു കൊടുക്കുന്ന ആൾക്കുള്ള ശിക്ഷ ഒരു ലക്ഷം രൂപ എന്നു പറയുന്നത് കോൺട്രഡിക്ടറിയാണ്. കുട്ടികൾക്കൊഴിച്ചുകൊടുക്കുന്ന കൂട്ടാളിക്ക് ചെറിയ ശിക്ഷ നൽകുന്നതിലൂടെ കുട്ടികളിൽ മദ്യപാനം പ്രോൽസാഹിപ്പിക്കാനുള്ള സാഹചര്യമൊരുക്കുകയാണ് ചെയ്യുന്നത്. വ്യാജ സ്റ്റിക്കർ ഒട്ടിച്ച് മദ്യം വിൽക്കുന്നതിനെതിരെ നടപടിയെടുക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിലുണ്ട്. അതുപോലെ മദ്യത്തിന്റെ സെക്കന്റ്സ് വിൽപ്പന നടത്തുന്ന ബാറുകളുടെയും മദ്യശാലകളുടെയും ലൈസൻസ് റദ്ദാക്കാനും ശിക്ഷിക്കാനും വ്യവസ്ഥ ഉണ്ടാകണം. മോഡ് ഓഫ് ട്രാൻസ്പോർട്ടേഷനിൽ പബ്ലിക്ക് പാസ്സഞ്ചേഴ്സ് ആന്റ് ഗുഡ്സ് വെഹിക്കിൾസ് എന്നുമാത്രം പറഞ്ഞിരിക്കുന്നതിലെ അപാകത തിരുത്തണം. ഗവൺമെന്റ് പിടിച്ചെടുത്തതും കോടതി താൽക്കാലികമായി വിട്ടു കൊടുക്കാൻ തീരുമാനിച്ചതുമായ വാഹനത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം എക്സൈസ് ഡിപ്പാർട്ടുമെന്റിലെ മെക്കാനിക്കൽ എഞ്ചിനീയർമാരിൽത്തന്നെ നിക്ഷിപ്തമാക്കണം. കുറ്റക്കാരെ കണ്ടെത്തുന്ന കാര്യത്തിൽ നിയമം ദുർബലമാണ്. നിയമത്തിലെ 55 (എച്ച്)-ഉം അവ്യക്തമാണ്. മദ്യത്തിന് പരസ്യം കൊടുത്ത ഇനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നത് വ്യക്തമാക്കണം. അങ്ങനെ പരസ്യം കൊടുക്കുന്ന ആളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. ബിയറിന്റെ ടാക്സ് പത്ത് ശതമാനം കുറച്ചതിലൂടെ മദ്യപാനം

പ്രോൽസാഹിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. മാത്രവുമല്ല, ഇങ്ങനെ ടാക്സ് കുറച്ചതിന്റെ ആനുകൂല്യം ലഭിക്കുന്നത് വൻകിട കുത്തക മുതലാളിമാർക്കും അബ്കാരികൾക്കും ഡിസ്റ്റിലറി ഉടമകൾക്കുമാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കേരളത്തിലെ അംഗീകാരമുള്ള തൊഴിലാളി സംഘടനാ പ്രതിനിധികൾ, റിട്ടയർ ചെയ്ത അഡീഷണൽ ചീഫ് സെക്രട്ടറി മറ്റ് ചില പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. വളരെ വിശദമായ പഠനത്തിനുശേഷം തയ്യാറാക്കിയിട്ടുള്ള നിയമഭേദഗതിയാണ്. ഇതിൽ "consumption or use of liquor by person under the age of 18 years-ന്" 5000 രൂപ പിഴയും മദ്യം ഒഴിച്ചുകൊടുക്കുന്ന ആളിന് 5000 രൂപ പിഴയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയെ 55 (ഡി) യിലെ 'കോൺസ്പിറസി' യുമായി താരതമ്യപ്പെടുത്താൻ ശ്രമിച്ചത് ദൗർഭാഗ്യകരമായിപ്പോയി. അതിനുള്ള ശിക്ഷ എന്നുപറയുന്നത് ഒരു ലക്ഷം രൂപ പിഴയോ അല്ലെങ്കിൽ 5 വർഷം തടവോ അല്ലെങ്കിൽ രണ്ടും കൂടിയാണ്. 55 (സി) വകുപ്പിന്റെ തുടർച്ചയാണ് 55 (ഡി). 18 വയസ്സുവരെയുള്ള ആൾ മദ്യം വാങ്ങിച്ച് കഴിക്കുന്നതും അയാൾക്ക് മദ്യം കൊടുക്കുന്നതും 55 (ഡി) യുമായി താരതമ്യപ്പെടുത്തുന്നത് ശരിയല്ല. അങ്ങനെയുള്ള കോൺട്രാഡിക്ഷൻ ഈ നിയമത്തിലില്ല. കേരളത്തിൽ അബ്കാരി കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്; അവയ്ക്കെതിരെ കേസ്സുകളെടുത്തിട്ടുമുണ്ട്. എന്നാൽ അബ്കാരി കേസ്സുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുക്കുന്ന ലോറിയുടെ എഞ്ചിൻ നമ്പർ, ചേസിസ്

നമ്പർ എന്നിവ മാറ്റുക, വണ്ടിയുടെ ഉടമസ്ഥാവകാശം നിർണ്ണയിക്കാൻ കഴിയാത്ത രീതിയിൽ വണ്ടിയുടെ രേഖകളിൽ മാറ്റം വരുത്തുക, കളള സ്റ്റിക്കർ ഉണ്ടാക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയാണ്. അതിനെല്ലാം പര്യാപ്തമായ ശിക്ഷ നൽകുന്ന വ്യവസ്ഥ ഉണ്ടാക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ച് പരമാവധി ശിക്ഷ കൊടുക്കുകയാണ് ഈ നിയമംകൊണ്ടുദ്ദേശിക്കുന്നത്. 108 വർഷം പഴക്കമുളള നിയമത്തിന് മാറ്റം വരുത്തിയത് 1997-ലാണ്. ഇപ്പോൾ വീണ്ടും കാലാനുസൃതമായി മാറ്റം വരുത്തുന്ന നിയമഭേദഗതിയാണിത്. മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നത് കേരളത്തിൽ ഒരു സാമൂഹ്യപ്രശ്ന മാണ്. മദ്യവർജ്ജനം ആരോഗ്യത്തിന് ആവശ്യമാണ്. നിർഭാഗ്യവശാൽ മദ്യനിരോധനം ഏർപ്പെടുത്താൻ കഴിഞ്ഞില്ല. ആ സാഹചര്യത്തിൽ വ്യാജമദ്യത്തിന്റെ വിപണനം പരമാവധി നിർമ്മാർജ്ജനം ചെയ്ത് വ്യാജമദ്യ ഒഴുക്ക് തടഞ്ഞുകൊണ്ട് ശരിയായ മദ്യം വിൽക്കാനുളള സംവിധാനമുണ്ടാ കണം. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കൂടുതൽ സ്ട്രെംഗ്തെൻ ചെയ്യാനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാനും ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് അധികാരികളെ നിശ്ചയിച്ച് കുറ്റകൃത്യങ്ങൾ തടയാനും കുറ്റക്കാരെ ശിക്ഷിക്കാനും കർശന വ്യവസ്ഥകൾ ഏർപ്പെടുത്തുക യാണ് ഈ നിയമംകൊണ്ടുദ്ദേശിക്കുന്നത്. മദ്യവില മൊത്തമായി വർദ്ധിപ്പി ച്ചാൽ വ്യാജമദ്യം വർദ്ധിക്കും. അത് കേരളത്തിലെ സമൂഹത്തിലെ സാഹച ര്യങ്ങളെ പ്രതികൂലമായി ബാധിക്കും. ബഡ്ജറ്റിൽ ബിയറിന് പത്ത് ശതമാനം വിലകുറച്ച് ഹാർഡ് ലിക്കറിന് പത്ത് ശതമാനം ടാക്സ് വർദ്ധിപ്പിക്കാനുളള തീരുമാനമാണുണ്ടായത്. മദ്യവില ക്രമാതീതമായി വർദ്ധിപ്പിക്കാൻ കഴിയില്ല. മദ്യവില ക്രമീകരിച്ച് നിലനിറുത്താനും വ്യാജമദ്യ ഒഴുക്ക് തടയുന്ന

വിധത്തിലുമുള്ള നിയമഭേദഗതി ഇതിൽ വന്നിട്ടുണ്ട്. കേരളത്തിൽ ധാരാളം ഡിസ്റ്റിലറികളുണ്ട്, മദ്യം ഉൽപ്പാദിപ്പിക്കുന്നുണ്ട്. അത് മറ്റിതര സംസ്ഥാനങ്ങളിലേയ്ക്ക് പോകാൻ പാടില്ല. വൻകിട കുത്തകകളുടെ നിയന്ത്രണത്തിൽനിന്നും ഈ വ്യവസായത്തെ ഒരു പരിധിവരെയെങ്കിലും മോചിപ്പിക്കാൻ തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2010 ഏപ്രിൽ 1 മുതൽ മദ്യവർജ്ജന ബോധവൽക്കരണം നടത്താൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കെ. എസ്. ബി. സി. യുടെ ഔട്ട്ലെറ്റ് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അപൂർവ്വം ചില സ്ഥലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. ബാറിന്റെ കാര്യത്തിൽ അടുത്ത വർഷം മുതൽ ത്രീസ്റ്റാർ ക്ലാസ്സിഫിക്കേഷൻ എന്നുള്ളത് 4 സ്റ്റാർ, 5 സ്റ്റാർ ആക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. മദ്യഷാപ്പുകൾ പരിശോധിക്കാൻ ഉദ്യോഗസ്ഥരെ അയയ്ക്കാറുണ്ട്. ഇംപോർട്ട് ഫീ ഒഴിവാക്കാൻ തീരുമാനിച്ചു. ഒരു പ്രൂഫ് ലിറ്ററിന് 5 രൂപ ഇംപോർട്ട് ഫീ അടയ്ക്കുമ്പോൾ ഇ. എൻ. എ. വരവ് കുറയും. ഇ. എൻ. എ. വില വർദ്ധിക്കുമ്പോൾ കുത്തകമുതലാളിമാർ നമ്മുടെ മദ്യവ്യവസായം ഇതര സ്റ്റേറ്റുകളിലേയ്ക്ക് കൊണ്ടുപോകും. അത് ധാരാളം പ്രശ്നങ്ങളുണ്ടാകാൻ വഴിയൊരുക്കും എന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ നിയമം ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>മൂന്നാം വകുപ്പ്</u>

117-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>നാലാം വകുപ്പ്</u>

125-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>അഞ്ചാം വകുപ്പ്</u>

126-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>ഏഴാം വകുപ്പ്</u>

134-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>പന്ത്രണ്ടാം വകുപ്പ്</u>

155, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ):</u> 2010-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി. രാജേന്ദ്രൻ</u>): പ്രമേയത്തെ പിൻതാങ്ങുന്നു.

2010-ലെ അബ്കാരി (ഭേദഗതി) ബിൽ 14-നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കി.

സഭ രാത്രി 7.00 മണിക്ക് പിരിഞ്ഞു.